Vol.XXVII,No.9 September 2011

# യേശു ജീവിക്കുന്നു

Yesu Jeevikkunnu

A Publication of Grace Ministries of India

# യു.പി.യിലെ മാവു ജില്ലയിൽ ക്രിസ്തുവിന്റെ വെളിച്ചം

## ഗ്രാമങ്ങളിലെ സഭകൾ വളരുന്നു

**മ**ര്യാദ്പൂർ: ഉത്തർപ്രദേശിലെ മാവു ജില്ലയിലെ ഒരു പ്രധാനസ്ഥലമാണ് മര്യാപൂർ. മാവു പട്ടണത്തിൽ നിന്നും നാൽപത് കിലോമീറ്റർ അകലെ ഈ സ്ഥലം സ്ഥിതി ചെയ്യുന്നു. അയ്യായിരത്തോളം ജനം പാർക്കുന്ന ഈ സ്ഥലത്ത് അധികവും കൃഷിക്കാരും അതുപോലുള്ള മറ്റു ജോലികൾക്കു പോകുന്നവരുമാണ്. മുസ്ലീങ്ങളും ഹിന്ദുക്കളുമാണ് ഇവിടെ അധികവും പാർക്കുന്നത്. ബ്രദർ എച്ച്.ബി. ജോൺ ജി.എം.ഐയുടെ സുവിശേഷകനായി ഇവിടെ 2007 മുതൽ പ്രവർത്തിച്ചുവരുന്നു. ആദ്യമൊക്കെ ശക്തമായ എതിർപ്പുകൾ അദ്ദേഹം അനുഭവിക്കേണ്ടിവന്നു. എന്നാൽ ശക്തമായ പരിശുദ്ധാത്മപ്രവൃത്തി തുടങ്ങിയതുമുതൽ പലരും ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് വരുവാനായി തുടങ്ങി.

നൂറ്റിപ്പതിനഞ്ചോളം പേർ സ്ഥിരമായി കടന്നുവരുന്ന ഒരു ആരാധന ബ്രദർ. എച്ച്.ബി ജോൺ നടത്തിവരുന്നു. ഇതിൽ നൂറ്റിരണ്ടുപേർ സ്നാനപ്പെട്ടവരാണ്. എല്ലാ ഞായറാഴ്ചയും പത്തുമണിക്ക് തുടങ്ങുന്ന ആരാധന രണ്ടു മണിക്ക് അവസാനിക്കുന്നു. നാൽപ്പത്തിയൊന്ന് കുട്ടികൾ പങ്കെടുക്കുന്ന ഗ്രെയ്സ് ചിൽഡ്രൽസ്ക്ലബ് ഇവിടെ ഉണ്ട്. അടുത്തുള്ള അഞ്ച് ഗ്രാമങ്ങളിൽ കൂടെ അദ്ദേഹത്തിന്റെ പ്രവർത്തനം വ്യാപിച്ച് കിടക്കുന്നു. ഈ അഞ്ച് ഗ്രാമങ്ങളിലും പ്രെയർസെല്ലുകൾ പ്രവർത്തിക്കുന്നു. സുൽത്താനിപൂർ, ദഡുവാൾ, അഖോബ്, അവാൻ, പുർവാപൂർ എന്നിവയാണ് ഈ ഗ്രാമങ്ങൾ. മര്യാപൂരിൽ അറുനൂറ് രൂപ മാസവാടക നൽകി ഒരു ചെറിയ ഹാളിൽ ഞായർ ആരാധന നടത്തിവരുന്നു.

2011 ജൂലായ് ഒന്നാം തീയതി ഇരുപതു പേർ ജലസ്നാനം സ്വീകരിച്ച് സഭയോട് ചേർക്കപ്പെട്ടു. എളിയവരായ കൃഷിക്കാരാണ് അധികവും ഇവിടത്തെ സഭയിൽ കൂടിവരുന്നത്.



*ഞങ്ങൾ കർത്താവിനോട് ചേർന്നവർ : മാവു ജില്ലയിലെ മര്യാദ്പൂർ ഗ്രാമത്തിൽ ജലസ്നാനം സ്വീകരിച്ച് ക്രിസ്തുവിനോട് ചേർന്ന ഗ്രാമവാസികൾ.*

ബ്രദർ. എച്ച്.ബി ജോണിനോടൊപ്പം ബ്രദർ. അനിൽകുമാർ, രാംവിഷാൽ ഫിലിപ്പ്, റാംദത്തൻ, മനോജ്കുമാർ എന്നിവർ ഉത്തർപ്രദേശിൽ പ്രവർത്തിക്കുന്നുണ്ട്. മാവു പട്ടണത്തിൽ നിന്ന് മുപ്പത്തെട്ട് കിലോമീറ്റർ അകലെയുള്ള സോധൻപൂർ എന്ന സ്ഥലത്താണ് അനിൽകുമാർ പ്രവർത്തിക്കുന്നത്. ബണ്ടാ പട്ടണത്തിൽ നിന്ന് ഇരുപത്തഞ്ച് കിലോമീറ്റർ അകലെയുള്ള അർജ്ജുനാ ഗ്രാമത്തിലാണ് രാംവിഷാൽ ഫിലിപ്പിന്റെ പ്രവർത്തനം. ബണ്ടാ പട്ടണത്തിൽ നിന്നുതന്നെ പതിനെട്ട് കിലോമീറ്റർ അകലെയുള്ള ഖുർഖണ്ഡ് ഗ്രാമത്തിലാണ് രാംദത്തൻ പ്രവർത്തിക്കുന്നത്. ബ്രദർ. എച്ച്.ബി ജോണിന്റെ ഗ്രാമത്തിനടുത്ത് നൂർലാപൂർ എന്ന ഗ്രാമത്തിൽ ബ്രദർ. മനോജ്കുമാറും പ്രവർത്തിക്കുന്നു.

ഈ എല്ലാ മിഷണറിമാർക്കും അവരുടെ പ്രവർത്തനസ്ഥലങ്ങളിൽ ആരാധനാസ്ഥലങ്ങൾ ആവശ്യമായിരിക്കുന്നു. പ്രത്യേകിച്ച് ബ്രദർ എച്ച്.ബി ജോണിന്റെ മര്യാദ്പൂർ കേന്ദ്രമാക്കി ഒരു മിഷൻസ്റ്റേഷൻ സ്ഥാപിക്കണമെന്ന് ജി.എം.ഐ ആഗ്രഹിച്ച് പ്രാർത്ഥിക്കുന്നു.

## നെഹമ്യാ മിഷൻ

വടക്കേന്ത്യൻ സംസ്ഥാനങ്ങളിൽ സഭാഹാളുകൾ പണിയുവാൻ നിവർത്തിയില്ലാതെ ബുദ്ധിമുട്ടുന്ന എളിയജനങ്ങളുടെ ഇടയിൽ സഭാഹാളുകൾ പണിയുവാൻ വേണ്ടി വിഭവസമാഹാരത്തിനായി ആരംഭിച്ച ഒരു പ്രവർത്തനമാണ് നെഹമ്യാ മിഷൻ. ഇതിൽ പങ്കാളികളാകാൻ സന്മനസ്സുള്ള ഓരോ വീട്ടുകാർക്കും ഓരോ സ്തോത്രകാഴ്ച പെട്ടികൾ (Coin Box) നൽകുന്നു. അതിൽ അവരവർ പ്രാർത്ഥനയോടെ നിക്ഷേപിക്കുന്ന ധനം മൂന്നുമാസത്തിലൊരിക്കൽ ജി.എം.ഐ പ്രവർത്തകർ ആ ഭവനങ്ങൾ സന്ദർശിച്ച് ശേഖരിക്കുന്നു. 'പലതുള്ളി പെരുവെള്ളം' എന്നുപറയുന്നതുപോലെ ഈ സമാഹാരം വടക്കേന്ത്യയിലുള്ള ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന മിഷണറിമാർക്ക് സഭാഹാളുകൾ പണിയുവാനായി നൽകപ്പെടുന്നു. ഒരു കോയിൻബോക്സ് നിങ്ങളുടെ വീടുകളിലും സ്ഥാപിച്ച് ഈ വേലയെ താങ്ങുവാൻ സന്മനസുള്ളവർ ദയവായി ബന്ധപ്പെടുക. വേല വലുതും വിശാലവുമാകയാൽ ഒരു മനസ്സോടെ നമുക്കിതിൽ നെഹമ്യാവിനെപ്പോലെ പങ്കാളികളാകാം. ഓരോ ഗ്രാമങ്ങളിലും ദേശീയസഭകളുള്ള പൂർണ്ണമായി സുവിശേഷമെത്തിയ രാജ്യമായി നമ്മുടെ ഭാരതം മാറട്ടെ.

**എൽ. ദേവപ്രസാദ് : 9447795680**
**ഓഫീസ് : 0471-2311439**





**മാവു നദിയിൽ വിശ്വാസികൾ സ്നാനമേൽക്കുന്നത് കാണുവാൻ നൂറുകണക്കിന് ജനങ്ങൾ വന്നുകൂടി. പാലത്തിന് മുകളിലെ ഒരു ദൃശ്യം**

## സ്വാതന്ത്ര്യദിനം ആഘോഷിച്ചു

ആഗസ്റ്റ് 15 ന് രാവിലെ 9.30 ന് ജി.എം.ഐയുടെ എല്ലാ ആശ്രമങ്ങളിലും സ്വാതന്ത്ര്യദിനം ആഘോഷിച്ചു. പതാക ഉയർത്തുകയും ദേശഭക്തി ഗാനങ്ങൾ ആലപിക്കുകയും രാജ്യത്തിനായും സമാധാനത്തിനായും പ്രത്യേക പ്രാർത്ഥനകൾ അർപ്പിക്കുകയും ചെയ്തു. എല്ലാ ജി.എം.ഐ മിഷൻ സ്റ്റേഷനുകളിലും ഭാരതത്തിന്റെ അഖണ്ഡതയ്ക്കായും നേതാക്കന്മാർ നീതിയിലും ന്യായത്തിലും രാജ്യത്തെ നയിക്കാനായും പ്രത്യേകം പ്രാർത്ഥനകൾ നടത്തി.

റസലമ്മാൾ
സോഷ്യൽ വെൽഫയർ ബോർഡ്



## മാനസികരോഗം സൗഖ്യമായി

തമിഴ്നാട്ടിലെ സേലം ജില്ലയിലെ സമുദ്രം ഗ്രാമത്തിൽ 40 വയസ്സുള്ള ശ്രീ. വീരൻ മാനസികവിഭ്രാന്തി ബാധിച്ച് അലഞ്ഞുതിരിഞ്ഞ് നടക്കുമായിരുന്നു. ഒരു ദിവസം മിഷണറി പി. ഇമ്മാനുവേൽ ഇദ്ദേഹത്തെ കണ്ടുമുട്ടുകയും പ്രാർത്ഥിക്കുകയും ചെയ്തു. പിന്നീട് കൂട്ടായ്മയിൽ കടന്നുവന്ന് ഇയാൾക്കുവേണ്ടി വിശ്വാസികളെല്ലാവരും ഒരുമനസ്സോടെ പ്രാർത്ഥിച്ചു. അത്ഭുതകരമായി വിടുതൽ പ്രാപിച്ച വീരൻ ഇപ്പോൾ സ്ഥിരമായി കൂട്ടായ്മകളിൽ സംബന്ധിക്കുന്നു. ദൈവത്തിന് സ്തോത്രം.

ഭാരതം കാത്തിരിക്കുന്നു – 37

# വില്യം വിൽബർഫോഴ്സ്

*സരള ഓസ്റ്റിൻ*

**1759**-ൽ ഇംഗ്ലണ്ടിലെ യോർക്ക് ഷെയർ എന്ന തുറമുഖ പട്ടണത്തിലാണ് വില്യം വിൽബർഫോഴ്സ് ജനിച്ചത്. ആ നാട്ടിലെ ഒരു സ്കൂളിലാണ് പഠനത്തിനായി അദ്ദേഹത്തെ അയയ്ക്കപ്പെട്ടത്. ശ്രദ്ധിക്കപ്പെടത്തക്ക കഴിവുകളുണ്ടായിരുന്ന വില്യം തന്റെ വാക്‌വൈഭവം അവിടെ വച്ച് പ്രകടിപ്പിച്ചുപോന്നു. എന്നാൽ തന്റെ മാതാവിന്റെ പെട്ടെന്നുള്ള വേർപാട് വിംബിൾടണിലുള്ള ബന്ധുക്കളോടൊപ്പം താമസിക്കുന്നതിന് അദ്ദേഹം നിർബന്ധിതനായി.

മെഥഡിസ്റ്റ് വിശ്വാസികളായിരുന്ന ബന്ധുക്കളുടെ ദൈവവിശ്വാസം കൊച്ചു വില്യമിനെ ഏറെ ആകർഷിച്ചു. വില്യമിന്റെ ആത്മീയ പ്രതിപത്തി തന്റെ പിതാമഹന് രസിക്കാത്തതിനാൽ അവനെ വിംബിൾടണിൽ നിന്നും മടക്കി വിളിച്ചു. ആത്മീയ ജീവിതത്തിന്റെ സ്വാധീനതയിൽ നിന്നും മുക്തനാക്കപ്പെടുവാൻ കുലീന കുടുംബങ്ങളുടെ ഉല്ലാസോന്മുഖമായ സാമൂഹിക സംഘങ്ങളിലേയ്ക്ക് ഇറക്കി വിട്ടു. നാടകശാലകളും വിരുന്നു സൽക്കാരങ്ങളും കുതിരപന്തയങ്ങളും നിറഞ്ഞുനിന്ന ദിവസങ്ങളുടെ തിരത്തള്ളലിൽ ആ കൗമാരക്കാരനിൽ മുളച്ചുവന്ന ആത്മീയ തളിർപ്പുകൾ താൽക്കാലികമായെങ്കിലും വാടിപ്പോയി.

പോക്ക്‌ലിംഗ്ടൺ സ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ഉപരിപഠനത്തിനായി സെന്റ് ജോൺസ് കോളേജിൽ ചേർന്നു. ഇവിടെ വച്ച് പിന്നീട് ബ്രിട്ടീഷ് പ്രധാനമന്ത്രിയായിത്തീർന്ന വില്യംപിറ്റിനെ പരിചയപ്പെടുകയും രണ്ടുപേരും ഉറ്റസുഹൃത്തുക്കളായിത്തീരുകയും ചെയ്തു. നല്ല ഓർമ്മശക്തിയും കൂർമ്മബുദ്ധിയും ഉണ്ടായിരുന്നെങ്കിലും ശ്രദ്ധയോടുകൂടിയ അദ്ധ്വാനം അദ്ദേഹത്തിന് നന്നേ കുറവും, ചൂതാട്ടവും ചീട്ടുകളിയും ഏറെ ഹരവുമായിരുന്നു. 20-ാമത്തെ വയസിലാണ് വിൽബർ ഫോഴ്സ് പാർലമെന്റിലേക്ക് ആദ്യമായി തിരഞ്ഞെടുക്കപ്പെടുന്നത്. തന്റെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിവർത്തിച്ചുവന്ന വിൽബർ ഫോഴ്സ് ലണ്ടനിലെ സാമൂഹിക ജീവിതത്തിൽ കൂടുതലായി ഇടപഴകി. വിരുന്നു സൽക്കാരങ്ങളിൽ അദ്ദേഹം ഏവർക്കും പ്രിയനും സ്ഥിരം അതിഥിയുമായിരുന്നു.

1784-ലും 1785-ലുമായി വിൽബർഫോഴ്സ്, ഐസക് മിൽനർ എന്ന അദ്ധ്യാപകനൊപ്പം യൂറോപ്പിൽ രണ്ടു പര്യടനങ്ങൾ നടത്തി. ഒരു നല്ല ക്രിസ്ത്യാനിയായിരുന്ന മിൽനറിനൊപ്പമുള്ള യാത്രയ്ക്കിടക്കുള്ള പ്രാർത്ഥനയും വചനധ്യാനവും വിൽബർ ഫോഴ്സിൽ ഉറങ്ങിക്കിടന്നിരുന്ന ഭക്തനെ ഉണർത്തിയെടുത്തു. രണ്ടാം യാത്രയുടെ അവസാനത്തോടെ അദ്ദേഹം ഒരു വിശ്വാസിയായിത്തീർന്നു. അനേക ദൈവദാസന്മാരുമായി പരിചയപ്പെട്ടു. 1787-ൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അടിമത്ത വിരുദ്ധ പ്രസ്ഥാനം സ്ഥാപിച്ചു. 1788-ൽ ബ്രിട്ടീഷ് ജനപ്രതിനിധി സഭയിൽ അടിമത്വനിരോധനത്തിന്റെ ആവശ്യകതയെക്കുറിച്ച് വിൽബർഫോഴ്സ് മൂന്നുമണിക്കൂർ നീണ്ടുനിന്ന ശക്തമായ ഒരു പ്രസംഗത്തിലൂടെ തന്റെ നീക്കങ്ങൾ ആരംഭിച്ചു. രാഷ്ട്രീയരംഗത്തും ജോൺവെസ്ലിയെപ്പോലെ ആത്മീയരംഗത്തുള്ള ഉന്നതൻമാർ അദ്ദേഹത്തിന് തങ്ങളുടെ പിന്തുണ വാഗ്ദത്തം ചെയ്തു. ക്രമേണയായി പ്രസ്ഥാനത്തിനു ജനപിന്തുണയും വർദ്ധിച്ചുകൊണ്ടിരുന്നു.

അടിമക്കച്ചവട നിരോധനബിൽ 1791 മുതൽ 1807 വരെ 11 തവണ വോട്ടിംഗിനിട്ടെങ്കിലും തള്ളപ്പെട്ടു. അടിമത്വത്തിന്റെ നിരോധനം സാമ്പത്തികമായ വൻ തകർച്ചയ്ക്കിടയാക്കുമെന്ന് പലരും ഭയപ്പെട്ടിരുന്നു. എന്നാൽ 1807-ൽ വൻ ഭൂരിപക്ഷത്തോടെ ബിൽ പാസ്സായി.

സമൂഹത്തിൽ നിലനിന്നിരുന്ന മൂല്യച്യുതിയും സാധാരണമായിരുന്ന ദുഷ്ചേതനയും നീക്കിക്കളഞ്ഞാൽ മാത്രമേ അധർമ്മനിവാരണം സാധ്യമാവുകയുള്ളു എന്ന് അദ്ദേഹം കരുതി. രാജാവിന്റെ പിൻതുണയോടെ ദ്വന്ദയുദ്ധം, ലോട്ടറി, മദ്യപാനം, നീചഭാഷണം എന്നിവകളെ പൊതുവിൽ നിരോധിച്ചിരുന്ന നിയമങ്ങൾ ഉറപ്പാക്കുവാൻ വേണ്ടി 1787-ൽ പ്രൊക്ലമേഷൻ സൊസൈറ്റി ആരംഭിച്ചു. ജീവകാരുണ്യപരമായ അനേകപ്രവൃത്തിയിലും അദ്ദേഹം ഏർപ്പെട്ടിരുന്നു. മൃഗങ്ങൾക്കെതിരായ ദുഷ്ടത അവസാനിപ്പിക്കുവാനുള്ള ഉദ്യമത്തിൽ അദ്ദേഹം പങ്കാളിയായിരുന്നു. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനായി ഉയർന്നുവന്ന ആശയങ്ങൾക്ക് അദ്ദേഹത്തിന്റെ നിർലോഭ പിന്തുണയുണ്ടായിരുന്നു. അനേക വ്യക്തികളും ധർമ്മസ്ഥാപനങ്ങളും അദ്ദേഹത്തിന്റെ ധനസഹായവും സഹാനുഭൂതിയും ആസ്വദിച്ചിരുന്നു.

അനേകസ്ഥലങ്ങളിൽ ബൈബിളിന്റെ ദൗർലഭ്യം മനസ്സിലാക്കിയപ്പോൾ ബൈബിളിന്റെ വിതരണത്തിനായി ഒരു പ്രത്യേക സംഘടന ഉണ്ടാകണമെന്ന് ഗ്രഹിച്ചപ്പോൾ അതിന്റെ രൂപീകരണത്തിനായി 'റിലിജിയസ് ട്രാക്ട് സൊസൈറ്റി'യെ പ്രേരിപ്പിച്ചത് വിൽബർ ഫോഴ്സിന്റെ നേതൃത്വത്തിൽ കാപ്പാൻ സമൂഹമായിരുന്നു. തൽഫലമായി 1804-ൽ ബ്രിട്ടീഷ് വിദേശ ബൈബിൾ സൊസൈറ്റി രൂപീകൃതമായി.

ഈസ്റ്റിന്ത്യാ കമ്പനി മിഷനറി പ്രവർത്തനങ്ങൾ നിരുൽത്സാഹപ്പെടുത്തിയിരുന്ന കാലത്ത് 1793-ൽ കമ്പനിയുടെ ചാർട്ടർ പാർലമെന്റിൽ പുതുക്കിയപ്പോൾ കമ്പനി തുടർന്ന് അധ്യാപകരേയും മിഷനറിമാരെയും അയയ്ക്കണമെന്ന് വിൽബർ ഫോഴ്സ് നിബന്ധന വച്ചു. 1799-ൽ ചർച്ച് മിഷനറി സൊസൈറ്റിയുടെ പ്രസിഡന്റ് പദവി നിരസിച്ചെങ്കിലും ആ സംഘടനയുമായും അദ്ദേഹം അടുത്തബന്ധം പുലർത്തിയിരുന്നു. 38-ാം വയസിലാണ് അദ്ദേഹം ബാർബറയെ വിവാഹം ചെയ്തത്. നല്ലൊരു ഭർത്താവും ആറു മക്കളുടെ സ്നേഹമയനായ പിതാവുമായിരുന്ന വിൽബർഫോഴ്സിന്റെ 35 വർഷത്തെ കുടുംബജീവിതം സന്തുഷ്ടകരമായിരുന്നു.

1833-ൽ അദ്ദേഹം മരിച്ചപ്പോൾ ബ്രിട്ടനിലെ പാർലമെന്റിന്റെ രണ്ടു സഭകളും പ്രവർത്തനം നിർത്തിവച്ചശേഷം ശവസംസ്കാരത്തിൽ പങ്കെടുത്തു.

സാമൂഹിക തിന്മയിൽ അടിച്ചമർത്തപ്പെട്ടുപോയ ജനലക്ഷങ്ങൾക്ക് വിടുതൽ നേടുന്നതിന് പരിശ്രമിച്ച, ഇന്ത്യയിലും മറ്റും സുവിശേഷത്തിന് വാതിൽ തുറക്കപ്പെടുന്നതിന് കൈത്താങ്ങലേകിയ, സ്ഥാനമാനങ്ങളും ഔന്നത്യവും ദൈവത്തിന് അടിയറവച്ച് വൻകാര്യങ്ങൾ നേടിയെടുത്ത വില്യം വിൽബർഫോഴ്സിനെപ്പോലുള്ള ധീരയോദ്ധാക്കൾക്കായി ഭാരതം കാത്തി രിക്കുന്നു. ✸

## ദുരാത്മാവ് വിട്ടുപോയി



പശ്ചിമബംഗാളിലെ സൗത്ത് ദിനാഷ്പൂർ ജില്ലയിലെ ചക്കഹാർ ഗ്രാമത്തിൽ മിഷണറി നിഖിൽ താപ്പൊമങ്കൽ കജൂറിനെ പരിചയപ്പെട്ടു. അദ്ദേഹത്തിന്റെ ഭാര്യ ദുഷ്ടാത്മാവിനാൽ ബാധിക്കപ്പെട്ട് കഴിഞ്ഞ 3 വർഷമായി പ്രയാസപ്പെടുകയായിരുന്നു. ഇതിൽ നിന്നും വിടുതലിനായി മന്ത്രിവാദികളിലും മറ്റു മാർഗ്ഗങ്ങളിലും ആശ്രയിച്ച് ധാരാളം പണം ചെലവഴിച്ചിട്ടും വിടുതൽ ലഭിക്കാതെ നിരാശയിൽ ആയിരിക്കുമ്പോഴാണ് നിഖിൽ താപ്പൊയിലൂടെ യേശുവിനെക്കുറിച്ച് കേൾക്കുകയും അവരുടെ വിഷയം പ്രാർത്ഥനയ്ക്കായി അറിയിക്കുകയും ചെയ്തത്. മാലാഹാർ ഗ്രാമത്തിൽ നടത്തുന്ന ജി.എം.ഐ കൂട്ടായ്മയിൽ അവർ വന്ന് പ്രാർത്ഥിക്കുകയും യേശുവിനെ രക്ഷകനും നാഥനുമായി സ്വീകരിക്കുകയും ചെയ്തപ്പോൾ ആ സ്ത്രീയിൽ ഉണ്ടായിരുന്ന ദുഷ്ടാത്മാവ് വിട്ടുപോകുകയും പൂർണ്ണ വിടുതൽ പ്രാപിക്കുകയും ചെയ്തു. ഇപ്പോൾ അവർ കുടുംബമായി ആരാധനയിൽ കടന്നുവരുന്നു.

## മദ്യത്തിന് അടിമയായിരുന്ന സ്ത്രീ വിടുവിക്കപ്പെട്ടു



തമിഴ്നാട്ടിലെ നാമക്കൽ ജില്ലയിലെ സൂരിപാളയം ഗ്രാമത്തിൽ താമസിക്കുന്ന ജെബമാലൈ എന്ന സ്ത്രീ മദ്യപാനത്തിന് അടിമയായിരുന്നു. അതുമുഖാന്തരം അവരുടെ ഭവനത്തിൽ സമാധാനമില്ലാത്ത അവസ്ഥയായിരുന്നു. നാമക്കൽ ജില്ലയിലെ ജി.എം.ഐ മിഷണറി ജോസഫ് രാജ് ഈ സ്ത്രീയെ കണ്ടുമുട്ടുകയും അവരോട് ദൈവവചനം അറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ക്രമേണ അവർ ആ ദുശ്ശീലത്തിൽനിന്ന് വിടുതൽ പ്രാപിച്ചു.

## നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ

നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങളെ അറിയിക്കുക

**Grace Ministries of India**, Nanthancode, Trivandrum- 695 003
☎ 0471 - 2311439 E-mail : graceministriesofindia@yahoo.com
www.graceindia.in

## പ്രിയ വായനക്കാരോട് ഒരു സഹായാഭ്യർത്ഥന

വെസ്റ്റ്ബംഗാളിൽ മുടങ്ങിക്കിടക്കുന്ന ടെയ്‌ലറിംഗ് സ്കൂൾ തുടങ്ങുന്നതിന് 3900/- രൂപ പ്രതിമാസം ആവശ്യമായിരിക്കുന്നു. മാസം തോറും തങ്ങളാലാകുന്ന തുക തന്ന് സഹായിക്കാമോ? തൊഴിൽ പഠിച്ച് പെൺകുട്ടികൾക്ക് ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് വരാൻ അത് സഹായകമാകും.

ശ്രീമതി. റസലമ്മാൾ
സോഷ്യൽ വെൽഫയർ ബോർഡ്

# ശ്രദ്ധയോടുള്ള പ്രാർത്ഥന

*ഡി.ജെ. അജിത്കുമാർ*

**പ്രാ**ർത്ഥനയും, പ്രാർത്ഥന കേൾക്കുന്ന ദൈവവും, പ്രാർത്ഥിക്കുന്ന പ്രാർത്ഥനാവീരന്മാരും വേദപുസ്തകത്തിലെ പ്രധാന വിഷയങ്ങളാണ്. മനുഷ്യന്റെ ആവശ്യങ്ങളിലൊക്കെ ദൈവത്തിൽ ആശ്രയിക്കുവാനും പ്രാർത്ഥിക്കുവാനും ദൈവവചനം പ്രോത്സാഹിപ്പിക്കുന്നു. പ്രാർത്ഥനയാണ് ദൈവത്തിലുള്ള ആശ്രയബോധം വർദ്ധിപ്പിക്കുന്നത്.

വേദപുസ്തകത്തിൽ മൂന്ന് സ്ഥലങ്ങളിൽ ശ്രദ്ധയോടുള്ള പ്രാർത്ഥനയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. ഒന്നാമത്, ഏലിയാവിന്റെ പ്രാർത്ഥന (യാക്കോബ് 5:17,18, 1രാജ. 18:42). രണ്ടാമത്, യേശുക്രിസ്തുവിന്റെ പ്രാർത്ഥന (ലൂ. 22:44, മത്താ. 26:39, എബ്രാ. 5:7). മൂന്നാമത്, സഭയുടെ പ്രാർത്ഥന (അപ്പൊ. 12:5). ഈ പ്രാർത്ഥനകളിലെല്ലാം ദൈവത്തിന്റെ അത്യന്തശക്തി വ്യാപരിക്കുകയും അസാധാരണ വീര്യപ്രവർത്തികൾ നടക്കുകയും ചെയ്തതായി വായിക്കുന്നു. പ്രാർത്ഥനയ്ക്ക് ഇന്നും ശക്തിയുണ്ട്. അതിശ്രദ്ധയോടെ പ്രാർത്ഥിക്കുവാൻ ഈ സംഭവങ്ങൾ ഉത്സാഹിപ്പിക്കുന്നു.

ചില പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാതെ പോകുന്നുണ്ടെന്നുള്ള ധാരണയുണ്ട്. എന്നാൽ എല്ലാ പ്രാർത്ഥനയ്ക്കും മറുപടിയുണ്ടെന്നാണ് പ്രാർത്ഥനയെക്കുറിച്ച് എഴുതിയിട്ടുള്ളവർ പറയുന്നത്. ചിലപ്പോൾ അത് 'അതേ' എന്നായിരിക്കാം. അല്ലെങ്കിൽ 'ഇല്ല' എന്നായിരിക്കാം. എന്നാൽ ചിലപ്പോഴൊക്കെ അത് 'കാത്തിരിക്കുക' എന്നും ആയിരിക്കാം. എന്തുകൊണ്ടാണ് ചില പ്രാർത്ഥനകൾക്ക് ഇല്ല എന്നു മറുപടി വരുന്നത് അഥവാ എന്തുകൊണ്ടാണ് ചില പ്രാർത്ഥനകൾക്ക് ഉത്തരം താമസിക്കുന്നത്. വേദപുസ്തകാടിസ്ഥാനത്തിൽ ചില കാരണങ്ങൾ കാണാൻ ശ്രമിക്കാം.

### 1. പാപം

യെശ. 59:1,2 'രക്ഷിപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നതു; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറെക്കുമാറാക്കിയതു.' മനുഷ്യന്റെ അതിക്രമമാണ് ദൈവത്തെയും അവനെയും തമ്മിൽ അകറ്റിയിരിക്കുന്നത് എന്നാണ് പ്രവാചകശബ്ദം. പാപം പ്രാർത്ഥനയുടെ ഉത്തരത്തിന് തടസ്സമാണെന്ന് മനസ്സിലാക്കുന്നു. ചില വചനങ്ങൾ ശ്രദ്ധിക്കുക.

'അങ്ങനെ ഞാൻ നിങ്ങളോടു പറഞ്ഞു; എന്നാൽ നിങ്ങൾ കേൾക്കാതെ യഹോവയുടെ കല്പന മറുത്തു അഹമ്മതിയോടെ പർവ്വതത്തിൽ കയറി. ആ പർവ്വതത്തിൽ കുടിയിരുന്ന അമോര്യർ നിങ്ങളുടെ നേരെ പുറപ്പെട്ടുവന്നു തേനീച്ചപോലെ നിങ്ങളെ പിന്തുടർന്നു സേയീരിൽ ഹൊർമ്മാവരെ ഛിന്നിച്ചുകളഞ്ഞു. നിങ്ങൾ മടങ്ങിവന്നു യഹോവയുടെ മുമ്പാകെ കരഞ്ഞു; എന്നാൽ യഹോവ നിങ്ങളുടെ നിലവിളി കേട്ടില്ല; നിങ്ങളുടെ അപേക്ഷെക്കു ചെവി തന്നതുമില്ല. (ആവർ. 1:43-45)

അക്കാലത്തു ഞാൻ യഹോവയോടു അപേക്ഷിച്ചു: എന്നാൽ യഹോവ നിങ്ങളുടെ നിമിത്തം എന്നോടു കോപിച്ചിരുന്നു; എന്റെ അപേക്ഷ കേട്ടതുമില്ല. യഹോവ എന്നോടു: മതി; ഈ കാര്യത്തെക്കുറിച്ചു ഇനി എന്നോടു സംസാരിക്കരുതു. (ആവർ. 3:23-26)

ഞാൻ വിളിച്ചിട്ടു നിങ്ങൾ ശ്രദ്ധിക്കാതെയും ഞാൻ കൈ നീട്ടീട്ടു ആരും കൂട്ടാക്കാതെയും നിങ്ങൾ എന്റെ ആലോചന ഒക്കെയും ത്യജിച്ചുകളകയും എന്റെ ശാസനയെ ഒട്ടും അനുസരിക്കാതിരിക്കയും ചെയ്തതുകൊണ്ടു ഞാനും നിങ്ങളുടെ അനർത്ഥദിവസത്തിൽ ചിരിക്കും; നിങ്ങൾ ഭയപ്പെടുന്നതു നിങ്ങൾക്കു ഭവിക്കുമ്പോൾ പരിഹസിക്കും. (സദൃ. 1:24-28)

അന്നു അവർ യഹോവയോടു നിലവിളിക്കും; എന്നാൽ അവൻ അവർക്കു ഉത്തരം അരുളുകയില്ല; അവർ ദുഷ്പ്രവൃത്തികളെ ചെയ്തതിനൊന്നത്തവണ്ണം അവൻ ആ കാലത്തു തന്റെ മുഖം അവർക്കു മറെക്കും. (മീഖാ 3:4)

ആകയാൽ ഞാൻ വിളിച്ചിട്ടും അവർ കേൾക്കാതിരുന്നതുപോലെ തന്നേ അവർ നിലവിളിക്കും; ഞാൻ കേൾക്കയില്ലതാനും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.(സെഖ. 7:13)

മുകളിൽ പ്രതിപാദിച്ച എല്ലാ വാക്യങ്ങളും പ്രാർത്ഥനയ്ക്ക് തടസ്സം നമ്മുടെ അകൃത്യങ്ങൾ ആണെന്ന് വ്യക്തമാക്കുന്നു. അതുകൊണ്ട് പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കുന്നില്ലെങ്കിൽ മനസ്സാക്ഷിയിലുള്ള എല്ലാ കുറവുകളും പാപങ്ങളും ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കേണ്ടതാണ്. നമ്മുടെ പ്രാർത്ഥന വ്യക്തമായി ദൈവസന്നിധിയിൽ എത്തുന്നു എന്നുള്ള ബോധം ഉണ്ടാകുന്നതുവരെ അനുതാപം നിറഞ്ഞ മാനസാന്തര പ്രാർത്ഥന അർപ്പിച്ചുകൊണ്ടിരിക്കണം ഇതാണ് സങ്കീർത്തനം 51-ൽ കാണുന്നത്.

### 2. ദൈവസ്നേഹം

'എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു.' റോമ. 8:28 ദൈവം ഒരു പിതാവിനെപ്പോലെ മനുഷ്യനെ സ്നേഹിക്കുന്നതുകൊണ്ട് ചില പ്രാർത്ഥനകൾക്ക് താമസം നേരിടുകയോ ഉത്തരം 'ഇല്ല' എന്ന് വരികയോ ചെയ്യാം. ഒരു കൊച്ചുകുട്ടി മൂർച്ചയുള്ള ഒരു കത്തിക്കായി കരഞ്ഞാൽ മാതാപിതാക്കൾ അതു നൽകുന്നില്ല. എന്നാൽ അവൻ വളർന്ന് പ്രായമാകുമ്പോൾ അവൻ അത് ഉപയോഗിക്കുവാൻ ബുദ്ധിയുള്ളവനായി തീരും. ചില അനുഗ്രഹങ്ങൾ തന്റെ മക്കളുടെ ആത്മീക ജീവിതത്തിന് ദോഷം ചെയ്യും എന്നറിഞ്ഞിട്ട് ദൈവം ആ അനുഗ്രഹങ്ങൾക്ക് താമസം ഉണ്ടാക്കും. അതുകൊണ്ട് ഇങ്ങനെയുള്ള അവസരങ്ങളിൽ ഉത്തരം വന്നില്ലെങ്കിലും ദൈവത്തിന്റെ നിസ്തുല്യമായ സ്നേഹത്തെയോർത്ത് ദൈവത്തിന് നന്ദി അർപ്പിക്കുവാൻ നാം കടപ്പെട്ടവരാണ്. കാരണം അവിടുന്ന് നന്മയ്ക്കായി മാത്രമാണ് ചെയ്യുന്നത്.

### 3. ദൈവത്തിന്റെ വിശ്വസ്തത

2തിമൊ. 2:11-13 'നാം അവനോടുകൂടെ മരിച്ചു എങ്കിൽ കൂടെ ജീവിക്കും; സഹിക്കുന്നു എങ്കിൽ കൂടെ വാഴും; നാം തള്ളിപ്പറയും എങ്കിൽ അവൻ നമ്മെയും തള്ളിപ്പറയും. നാം അവിശ്വസ്തരായിത്തീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു; തന്റെ സ്വഭാവം ത്യജിപ്പാൻ അവന്നു കഴികയില്ലല്ലോ; ഈ വചനം വിശ്വാസയോഗ്യമാകുന്നു'. ദൈവം തന്റെ എല്ലാ വാഗ്ദത്തങ്ങളിലും വിശ്വസ്തനാണ്. മനുഷ്യൻ മാറുന്നതുപോലെ ദൈവം തന്റെ വാഗ്ദത്തങ്ങളിൽ മാറുന്നില്ല. എല്ലാ വാഗ്ദത്തങ്ങളിലും രണ്ട് ഭാഗങ്ങളുണ്ട്. ഒരു അനുഗ്രഹവും ഒരു വ്യവസ്ഥയും. ആ വ്യവസ്ഥ പാലിച്ചാൽ ആ അനുഗ്രഹം ലഭിക്കും. വ്യവസ്ഥയില്ലാതെ ഒരു വാഗ്ദത്തവും ഇല്ല. ആ വ്യവസ്ഥ പാലിക്കുമ്പോൾ ആ അനുഗ്രഹം നമ്മിലേക്ക് വരും. കാരണം അവിടുന്ന് വിശ്വസ്തനാണ്. ദൈവത്തിന്റെ വാഗ്ദത്തങ്ങളുടെ പിന്നിലുള്ള വ്യവസ്ഥകൾ കാണാതെ പോകുന്നത് വഞ്ചിക്കപ്പെടലാണ്. വ്യവസ്ഥകൾ പാലിക്കാതെ ആ വാഗ്ദത്തം നമുക്കു നേടുവാൻ കഴിയുകയില്ല. ഈ വ്യവസ്ഥയിൽ ദൈവം വിശ്വസ്ഥതനാണ്. അതിനെ മാറ്റാൻ ദൈവം മനുഷ്യനല്ല. ഏതെങ്കിലും പ്രാർത്ഥനകൾക്ക് മറുപടി ലഭിക്കാതെ പോകുമ്പോൾ ആ വാഗ്ദത്വത്തിന്റെ വ്യവസ്ഥ നാം പാലിച്ചിട്ടുണ്ടോ എന്ന് ശോധന ചെയ്യേണ്ടതാണ്.

### 4. ന്യായവും നീതിയും

യിരെ. 9:23,24 'ജ്ഞാനി തന്റെ ജ്ഞാനത്തിൽ പ്രശംസിക്കരുതു; ബലവാൻ തന്റെ ബലത്തിൽ പ്രശംസിക്കരുതു; ധനവാൻ തന്റെ ധനത്തിലും പ്രശംസിക്കരുതു. പ്രശംസിക്കുന്നവനോ: യഹോവയായ ഞാൻ ഭൂമിയിൽ ദയയും ന്യായവും നീതിയും പ്രവർത്തിക്കുന്നു എന്നിങ്ങനെ എന്നെ ഗ്രഹിച്ചറിയുന്നതിൽ തന്നേ പ്രശംസിക്കട്ടെ; ഇതിൽ അല്ലോ എനിക്കു പ്രസാദമുള്ളതു എന്നു യഹോവയുടെ അരുളപ്പാടു'. ദൈവം ന്യായവും നീതിയും മാത്രം പ്രവർത്തിക്കുന്ന ദൈവമാണ്. അതിനെതിരെയുള്ള ഒരു പ്രാർത്ഥനയ്ക്കും ഉത്തരം ലഭിക്കുന്നില്ല. ഉദാഹരണമായി ഒരു സംസ്ഥാനത്തിൽ ഒരു മത്സരപരീക്ഷ നടക്കുന്നു എന്നിരിക്കട്ടെ. എല്ലാ ജാതിമതവിഭാഗത്തിലുള്ളവരും ഈ പരീക്ഷ എഴുതുന്നു. അതിൽ ഒട്ടുമുക്കാൽ പേരും ദൈവത്തോട് പ്രാർത്ഥിക്കുന്നു. ഒരുലക്ഷം പേർ ഈ പരീക്ഷ എഴുതുന്നുവെങ്കിൽ അരലക്ഷം പേർ പ്രാർത്ഥിക്കുന്നു എന്നും ഇരിക്കട്ടെ എന്നാൽ രണ്ടായിരം പേർക്കാണ് സെലക്ഷൻ ലഭിക്കേണ്ടതെങ്കിൽ ഇവിടെ ദൈവത്തിന്റെ നീതി പ്രകടമായേ പറ്റൂ. ദൈവത്തിന്റെ തിരഞ്ഞെടുപ്പ് ന്യായവും നീതിയും അനുസരിച്ചുള്ളതാണെങ്കിൽ കഠിനാദ്ധ്വാനം ചെയ്യുകയും ഏറ്റവും നന്നായി പരീക്ഷയെഴുതുകയും ചെയ്യുന്നവർക്കായിരിക്കും ദൈവം മുൻഗണന നൽകുക. ഇതുപോലെ എല്ലാകാര്യങ്ങളും ശ്രദ്ധേയമാണ്. കോടതിയിൽ കേസ് നടക്കുന്ന വാദിയും പ്രതിയും പ്രാർത്ഥിക്കുന്നു. ദൈവം ന്യായം മാത്രം ചെയ്യുന്നു. അപ്പോൾ ചിലരുടെ പ്രാർത്ഥന കേൾക്കുന്നില്ല എന്നുവരും. അത് ദൈവം കേൾക്കാത്തതല്ല എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

### 5. ചിലവാക്കുന്നത്

യാക്കോ. 4:3 'നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിന്നു വല്ലാതെ യാചിക്കകൊണ്ടു ഒന്നും ലഭിക്കു

*(ശേഷം അടുത്ത പേജിൽ)*

**ദൈവം നൽകുന്ന അനുഗ്രഹങ്ങൾ എന്തിനുവേണ്ടി ചിലവിടുന്നു എന്നുള്ളതാണ് യാക്കോബ് ചോദിക്കുന്നത്. അത് വെറും ഭൗതികസുഖങ്ങൾക്കുവേണ്ടി ചിലവിടുവാനാണെങ്കിൽ ആ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്നില്ല എന്നാണ് അദ്ദേഹത്തിന്റെ ബോദ്ധ്യം. നയമാനിൽ നിന്നും വ്യാജമായി വാങ്ങിയ സ്വത്തുക്കളെക്കുറിച്ച് ഏലീശാപ്രവാചകൻ ഗേഹസിയോട് ചോദിക്കുന്നത് ഇവിടെ സ്മരണീയമാണ് (2രാജ. 5:26). 2രാജ. 7:9 ൽ നാല് കുഷ്ഠരോഗികൾ അരാമ്യപാളയത്തിൽ വച്ച് പറയുന്നതും ഇതു തന്നെയാണ്. മനുഷ്യൻ ആത്മീകനാണ് വെറും ഭൗതീകനല്ല. ഈ ലോകത്തിൽ ജീവിക്കുമ്പോൾ മാത്രമാണ് അവനു ഭൗതീകആവശ്യങ്ങൾ വേണ്ടിവരുന്നത്. അതുകൊണ്ട് പ്രാർത്ഥനകൾ വെറും ഭൗതീകങ്ങളാകരുത്.**

*3-ാം പേജിന്റെ തുടർച്ച... (ശ്രദ്ധയോടുള്ള പ്രാർത്ഥന.....)*

ന്നില്ല'. ദൈവം നൽകുന്ന അനുഗ്രഹങ്ങൾ എന്തിനുവേണ്ടി ചിലവിടുന്നു എന്നുള്ളതാണ് യാക്കോബ് ചോദിക്കുന്നത്. അത് വെറും ഭൗതികസുഖങ്ങൾക്കുവേണ്ടി ചിലവിടുവാനാണെങ്കിൽ ആ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്നില്ല എന്നാണ് അദ്ദേഹത്തിന്റെ ബോദ്ധ്യം. നയമാനിൽ നിന്നും വ്യാജമായി വാങ്ങിയ സ്വത്തുക്കളെക്കുറിച്ച് ഏലീശാപ്രവാചകൻ ഗേഹസിയോട് ചോദിക്കുന്നത് ഇവിടെ സ്മരണീയമാണ് (2രാജ. 5:26). 2രാജ. 7:9 ൽ നാല് കുഷ്ഠരോഗികൾ അരാമ്യപാളയത്തിൽ വച്ച് പറയുന്നതും ഇതു തന്നെയാണ്. മനുഷ്യൻ വെറും ആത്മീകനാണ് വെറും ഭൗതീകനല്ല. ഈ ലോകത്തിൽ ജീവിക്കുമ്പോൾ മാത്രമാണ് അവനു ഭൗതീകആവശ്യങ്ങൾ വേണ്ടിവരുന്നത്. അതുകൊണ്ട് പ്രാർത്ഥനകൾ വെറും ഭൗതീകങ്ങളാകരുത്.

**6. ദൈവത്തിന്റെ വ്യവസ്ഥകൾ**

ദൈവത്തിന്റെ ഉടമ്പടികൾ മാറ്റമില്ലാത്തതാണ്. ഉല്പത്തിയിൽ തന്നെ ദൈവം നൽകിയിരിക്കുന്ന പ്രധാനമായ ചില ഉടമ്പടികൾ ശ്രദ്ധേയമാണ്. സ്ത്രീകൾ വേദനയോടെ മക്കളെ പ്രസവിക്കുമെന്നും പുരുഷന്മാർ വിയർപ്പോടെ അപ്പം ഭക്ഷിക്കുമെന്നും ദൈവം പറഞ്ഞ വാക്കുകൾ ഒരിക്കലും മാറുന്നില്ല. (ഉല്പ. 3:16-19) ഇതിനെതിരെയുള്ള പ്രാർത്ഥനകൾ ഫലിക്കുന്നില്ല. മനുഷ്യൻ അദ്ധ്വാനിച്ച് ജീവിക്കണമെന്നത് ദൈവത്തിന്റെ വ്യവസ്ഥയാണ് (ഉല്പ. 2:15). ആറുദിവസം അദ്ധ്വാനിച്ച് വേല ഒക്കെയും ചെയ്യണമെന്നത് പത്തുകല്പനകളിൽ നാലാമത്തേതായിരിക്കുന്നു (പുറ. 20:9). എല്ലാ ഉപജീവനമാർഗ്ഗങ്ങൾക്കും ഒരു അദ്ധ്വാനമുണ്ട്. 'സുഖമായ ഒരു ജോലി'യും 'വേദനയില്ലാത്ത പ്രസവവും' ഇല്ല.

**7. ക്ഷമയില്ലായ്മ**

മർക്കൊ. 11:25,26 'നിങ്ങൾ പ്രാർത്ഥിപ്പാൻ നില്ക്കുമ്പോൾ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കേണ്ടതിന്നു നിങ്ങൾക്കു ആരോടെങ്കിലും വല്ലതും ഉണ്ടെങ്കിൽ അവനോടു ക്ഷമിപ്പിൻ. നിങ്ങൾ ക്ഷമിക്കാഞ്ഞാലോ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല'. മത്താ. 5:23-25 'ആകയാൽ നിന്റെ വഴിപാടു യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരന്നു നിന്റെ നേരെ വല്ലതും ഉണ്ടെന്നു അവിടെവെച്ചു ഓർമ്മവന്നാൽ നിന്റെ വഴിപാടു അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ചു, ഒന്നാമതു ചെന്നു സഹോദരനോടു നിരന്നുകൊൾക; പിന്നെ വന്നു നിന്റെ വഴിപാടു കഴിക്ക. നിന്റെ പ്രതിയോഗിയോടുകൂടെ വഴിയിൽ ഉള്ളപ്പോൾ തന്നേ വേഗത്തിൽ അവനോടു ഇണങ്ങിക്കൊൾക; അല്ലാഞ്ഞാൽ പ്രതിയോഗി നിന്നെ ന്യായാധിപന്നും ന്യായാധിപൻ ചേവകന്നും ഏല്പിച്ചിട്ടു നീ തടവിൽ ആയ്പോകും'.

പരസ്പരബന്ധങ്ങളിലെ വിള്ളലുകളും ക്ഷമയില്ലായ്മയും പ്രാർത്ഥനയ്ക്ക് തടസ്സമാണ്. അതുകൊണ്ട് പ്രാർത്ഥിക്കുന്നതിനുമുമ്പ് മനുഷ്യരോട് ക്ഷമിക്കേണ്ടതാണെന്ന് ക്രിസ്തു പഠിപ്പിക്കുന്നു. ക്രിസ്തീയ ആത്മീയത ബന്ധങ്ങളുടെ ആത്മീയതയും ക്ഷമയുടെ ആത്മീയതയും ആണെന്നുള്ളത് ഇവിടെ ഓർക്കേണ്ടതാണ്. ഇത് പരസ്പരബന്ധങ്ങളിലും കുടുംബബന്ധങ്ങളിലും സാമൂഹ്യബന്ധങ്ങളിലും പ്രായോഗികമാക്കേണ്ടതാണ്.

അതേസമയം വേദപുസ്തകത്തിലെ ചില പ്രാർത്ഥനകൾ ശക്തിയേറിയ പ്രാർത്ഥനയായും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഈ പ്രാർത്ഥനകളെക്കുറിച്ചും അറിയേണ്ടത് ആവശ്യമാണ്.

**1. ദൈവപ്രസാദമുള്ള പ്രവൃത്തി**

**1യോഹ. 3:22** 'അവന്റെ കല്പനകളെ നാം പ്രമാണിച്ചു അവന്നു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ടു എന്തു യാചിച്ചാലും അവങ്കൽനിന്നു ലഭിക്കും'. ദൈവത്തിന് ഹിതമായ പ്രവൃത്തി ഉണ്ടാകുന്നത് മാനസാന്തര അനുഭവത്തിൽ ജീവിക്കുന്ന ഒരു വ്യക്തിക്ക് മാത്രമാണ്. അതുകൊണ്ടാണ് പ്രാർത്ഥനയ്ക്ക് തടസ്സം വരാതിരിക്കുവാൻ നിരന്തരം അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും അനുഭവമുണ്ടാകണമെന്ന് മുന്നമേ പറഞ്ഞത്.

**2. ദൈവത്തിലുള്ള വാസം**

**യോഹ. 15:7** 'നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും'. ക്രിസ്തുവുമായും അതിലൂടെ പിതാവായ ദൈവവുമായുള്ള കൂട്ടായ്മയുള്ള ഒരു വ്യക്തിയുടെ പ്രാർത്ഥന ശക്തിയേറിയതാണ്. നിരന്തരം ഈ കൂട്ടായ്മയിൽ ജീവിക്കുവാനാണ് പ്രാർത്ഥിക്കുന്ന ഒരു വ്യക്തി ശ്രദ്ധിക്കേണ്ടത്.

**3. ദൈവഇഷ്ടപ്രകാരം പ്രാർത്ഥിക്കുക**

**1യോഹ. 5:14,15** 'അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്കു അവനോടുള്ള ധൈര്യം ◌ാ◌ാകുന്നു. നാം എന്തു അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു'. നമ്മുടെ അപേക്ഷകൾ ദൈവഇഷ്ടം ആയിരിക്കണമെങ്കിൽ ആദ്യമേതന്നെ ദൈവഇഷ്ടം നാം തിരിച്ചറിയണം. ദൈവഇഷ്ടം തിരിച്ചറിയുവാനായി മനസ്സുപുതുക്കി രൂപാന്തരപ്പെടണമെന്നാണ് പൗലൊസ് പറയുന്നത് (റോമ. 12:1,2). ഇപ്രകാരം മനസാക്ഷിയുള്ള ഒരു വ്യക്തിയുടെ പ്രാർത്ഥനയ്ക്ക് മറുപടിയുണ്ടെന്നുള്ള ബോധം അദ്ദേഹത്തിന് എപ്പോഴും ഉണ്ടായിരിക്കും.

നമ്മുടെ പ്രാർത്ഥനകളെ പിശാചിന് സ്വാധീനിക്കാൻ കഴിയുമെന്ന് ഒരു ചിന്തയുണ്ട്. എന്നാൽ സാത്താൻ പലതിലും പരിമിതപ്പെട്ടിരിക്കുന്നു. അവൻ സർവ്വശക്തനോ സർവ്വവ്യാപിയോ സർവ്വജ്ഞാനിയോ അല്ല. ശക്തിയിലും, സാന്നിദ്ധ്യത്തിലും, അറിവിലും അവൻ പരിമിതനാണ്. അതുകൊണ്ടുതന്നെ മനുഷ്യർ ധരിച്ചുവച്ചിരിക്കുന്നതുപോലെ നമ്മുടെ പ്രാർത്ഥനകളുടെ മേലുള്ള സ്വാധീനശക്തി പിശാചിന് ഇല്ല. നാം ദൈവത്തിന്റെ കൂട്ടായ്മയിൽ നിരന്തരമായിരിക്കുക എന്നതുമാത്രമാണ് എപ്പോഴും ശ്രദ്ധിക്കേണ്ടത്. ✵

ആമേൻ

## കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും പാപമാണെന്ന് ബൈബിൾ

നിയമപരമായ കാര്യങ്ങൾ സാധിക്കുന്നതിന് അധികാരസ്ഥാനത്തിരിക്കുന്നവരെ സ്വാധീനിക്കുവാൻ എന്തെങ്കിലും വസ്തുവോ, പണമോ കൊടുക്കുന്നതാണ് കൈക്കൂലി. കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും തെറ്റാണെന്ന് അറിയാമെങ്കിലും പണത്തോടുള്ള ആഗ്രഹം കൊണ്ടും കാര്യസാധ്യത്തിനുവേണ്ടിയും കൈക്കൂലി വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നു. തിരുവചനത്തിൽ കൈക്കൂലിയെക്കുറിച്ച് പറയുന്ന ചില വാക്യങ്ങൾ ശ്രദ്ധിക്കാം.

**പുറ. 23:8** സമ്മാനം കാഴ്ചയുള്ളവരെ കുരുടാക്കുകയും നീതിമാന്മാരുടെ വാക്കുകളെ മറിച്ചുകളകയും ചെയ്യുന്നതുകൊണ്ട് നീ സമ്മാനം വാങ്ങരുത്. സമ്മാനം എന്ന പദത്തിന് ഇംഗ്ലീഷ് ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് Bribe (കൈക്കൂലി) എന്നാണ്. ഇത് ദൈവീക കല്പനയായിട്ടാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്.

**ആവ. 27:25** കുറ്റമില്ലാത്തവനെ കൊല്ലേണ്ടതിന് പ്രതിഫലം (കൈക്കൂലി) വാങ്ങുന്നവൻ ശപിക്കപ്പെട്ടവൻ. കുറ്റക്കാരനെ കുറ്റവിമുക്തനാക്കുന്നതിനും കുറ്റമില്ലാത്തവനെ കുറ്റക്കാരനാക്കുന്നതിനും കൈക്കൂലി വാങ്ങുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ കൈക്കൂലി വാങ്ങുന്നവൻ ശപിക്കപ്പെട്ടവൻ എന്നാണ് തിരുവചനത്തിൽ കാണുന്നത്.

സങ്കീ. 26:10, സദൃ. 29:4, ആവ. 16:19, 1ശമൂ. 8:3, 12:3, ഇയ്യോ. 15:34, സങ്കി. 15:5, സദൃ. 6:35, സദൃ. 17:23, 29:4, യെശ. 1:23, 5:23, 33 :15, യെഹ. 22 : 12, ആമോ. 5:12, മീഖ. 3:11, 7:3 ഈ വചനങ്ങളെല്ലാം കൈക്കൂലി വാങ്ങുന്നതിന് എതിരായിട്ടുള്ള വചനങ്ങൾ ആണ്. കൈക്കൂലി പ്രിയന്മാരായ പ്രഭുക്കന്മാർ അനാഥയ്ക്കും വിധവയ്ക്കും ന്യായം നടത്തി കൊടുക്കുന്നില്ല എന്ന് മാത്രമല്ല അവരുടെ വാക്കുകളെ ശ്രദ്ധിക്കുന്നതുമില്ല

**യെശ. 1:23** ന്യായ വിസ്താരത്തിൽ മുഖം നോക്കാതെ ചെറിയവന്റെയും വലിയവന്റെയും കാര്യം ഒരുപോലെ കേൾക്കണം എന്നതാണ് ദൈവീക കല്പന. കൈക്കൂലി വാങ്ങുന്നത് ന്യായപ്രമാണം വിലക്കിയിട്ടുണ്ട്. ഈ കുറ്റത്തിന് ശരിയായ ശിക്ഷ ബൈബിളിൽ നിർദ്ദേശിച്ചിട്ടില്ലായെങ്കിലും കൈക്കൂലി വാങ്ങുന്നത് ദൈവീക കല്പനയോടുള്ള ലംഘനമാണ്.

**പുറ. 15 : 27b** കൈക്കൂലി വെറുക്കുന്നവൻ ജീവിച്ചിരിക്കും. എന്ന ദൈവീക വാഗ്ദത്തത്തിൽ വിശ്വസിച്ചുകൊണ്ട് ദൈവീക തിരുവചന പ്രകാരം ജീവിക്കുവാൻ നമ്മെ ദൈവം സഹായിക്കട്ടെ.

*തോമസ് A.Y.*

## ക്രിസ്തുകൃപ ആശ്രമത്തിൽ ഉപവാസപ്രാർത്ഥന

### ഓണാവധിക്കാലത്ത്

**2011 സെപ്റ്റംബർ 5 മുതൽ 10 വരെ (ചൊവ്വ - ശനി)**

**കർത്തൃപാദത്തിൽ പ്രാർത്ഥനയോടും സമർപ്പണത്തോടും ആറു ദിവസം ചിലവിടുവാൻ താൽപ്പര്യമുള്ളവരെ സ്വാഗതം ചെയ്യുന്നു. ഭാരതസുവിശേഷീകരണത്തിനായും ഭാരതത്തിൽ ദൈവീകസമാധാനം വരുവാനായും പ്രത്യേക പ്രാർത്ഥനകൾ അർപ്പിക്കുന്ന ദിവസങ്ങളായിരിക്കും ഇത്. ചൊവ്വാഴ്ച തുടങ്ങി ശനിയാഴ്ച വരെ നീണ്ടു നിൽക്കുന്ന ഈ പ്രാർത്ഥനായോഗം രണ്ടാംശനിയാഴ്ചയുള്ള ധ്യാനയോഗത്തോടെ അവസാനിക്കും. ആശ്രമത്തിനുള്ളിൽ താമസിച്ചുകൊണ്ട് ഈ കൂട്ടായ്മയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്കും അതിനുള്ള അവസരം ഉണ്ടായിരിക്കും.**

**ഏവർക്കും സ്വാഗതം**

*കുറിപ്പ്: ആശ്രമത്തിൽ താമസസൗകര്യം ആവശ്യമുള്ളവർ മുൻകൂട്ടി അറിയിക്കേണ്ടതാണ്.*

*ഫോൺ: 0471-2311439, 2290473*



രാജൻ ജെ. ആഷെർ

# കഷ്ടതയിൽ പതറാത്ത കീർത്തനതാളം

(തുടർച്ച)

### കഷ്ടതയുടെ നടുവിൽ ജീവന്റെ പ്രത്യാശ

ഹൃദയം ക്ഷീണിക്കുമ്പോൾ വിളിച്ചപേക്ഷിച്ചാൽ ഹൃദയത്തെ ബലപ്പെടുത്തി ധൈര്യം നൽകുന്ന ദൈവത്തെ ദാവീദിനു നന്നായറിയാം. ഉന്നതനെങ്കിലും താഴ്മയുള്ളവരെ കടാക്ഷിക്കുന്ന ദൈവം, താൻ കഷ്ടതയുടെ നടുവിൽ നടന്നാലും തന്നെ ജീവിപ്പിക്കും എന്നത് അദ്ദേഹത്തിന്റെ അനുഭവമാണ് (138:3,7)

ദു:ഖങ്ങളും സംഘർഷങ്ങളും ഹൃദയത്തിൽ വിചാരങ്ങൾ നിറയ്ക്കുമ്പോൾ അതു കാലുകളെ തളർത്തുമ്പോൾ, നിൽക്കാൻ കഴിയാതെ വേച്ചു പോകുമ്പോൾ താങ്ങുന്ന ദൈവത്തിന്റെ ദയ, പ്രാണനെ തണുപ്പിക്കുന്ന അവിടുത്തെ ആശ്വാസങ്ങൾ (സങ്കീ. 94:18-19) സങ്കീർത്തനക്കാരൻ മറക്കുന്നില്ല.

കഷ്ടതയും അരിഷ്ടതയും ഉറക്കിളപ്പും, കൈപ്പും അനുഭവിക്കുന്നത് ഓർക്കണമേ എന്ന വിലാപകീർത്തനം വെളിപ്പെടുത്തുന്നത് ഒരാശ്വാസ സത്യമാണ്. നാം മുടിഞ്ഞുപോകാതിരിക്കുന്നതു ദൈവത്തിന്റെ ദയ കാരണമാണ്. അവിടുത്തെ കരുണ തീർന്നുപോയിട്ടില്ല. അതു രാവിലെ തോറും പുതിയതാണ്. അവിടുത്തെ വിശ്വസ്തത വലിയതും... കർത്താവ് എന്നേക്കും തള്ളിക്കളയുകയില്ല. അവിടുന്നു ദു:ഖിപ്പിച്ചാലും അവിടുത്തെ മഹാദയയ്ക്ക് ഒത്തവണ്ണം അങ്ങേയ്ക്ക് ദയ തോന്നുന്നു. മനസോടെയല്ല ദൈവം മനുഷ്യരെ ദു:ഖിപ്പിച്ചു വ്യസനിപ്പിക്കുന്നത് (വിലാ. 3:19,22-23,31-33) ഒരു വലിയ തിരിച്ചറിവാണത്.

### എന്നിട്ടും എപ്പോഴും അവിടുത്തെ സന്നിധിയിൽ

നമ്മുടെ ആകുലവേളകളിലെ വീണ്ടും വിചാരമില്ലാത്ത പരിഭവ ചിന്തകൾ ദൈവത്തെ നമ്മിൽ നിന്ന് അകറ്റുകയില്ല എന്ന ബോദ്ധ്യം ഏറ്റവും ആശ്വാസകരം തന്നെ. ആസാഫിന് അതുബോധ്യമായി. നമ്മുടെ ആശ്വാസത്തിനും ധൈര്യത്തിനുമായി അത് എഴുതപ്പെട്ടിരിക്കുന്നു. ആസാഫ് ദൈവത്തോടു പരിഭവിച്ചിരിക്കുകയാണ്. അതിനു വേണ്ടുന്ന ന്യായങ്ങൾ ദിനേന ബാധിക്കപ്പെട്ടുകൊണ്ടിരുന്ന ആസാഫിനു ധാരാളമുണ്ടുതാനും. മനസ് വിഹ്വലമായി, ഹൃദയത്തിൽ സംശയങ്ങൾ നിറഞ്ഞു. എന്തിനിങ്ങനെ? ഇതു നീതിയോ? ഹൃദയവേദനയോടെ അദ്ദേഹം ദൈവസന്നിധിയിലെത്തി; പരിഭവത്തിനു പരിഹാരമായി ഒപ്പം ആ പരമസത്യം മനസിലാവുകയും ചെയ്തു. 'എന്നിട്ടും ഞാൻ എപ്പോഴും അങ്ങയുടെ സന്നിധിയിൽ ഇരിക്കുന്നു' (സങ്കീ. 73:23). കഷ്ടതയിലും ദൈവത്തിന്റെ സജീവ സാന്നിധ്യം അനുഭവിക്കാൻ കഴിയുന്നതാണ് (സങ്കീ. 91:15) ഭക്തന്റെ ധന്യതയ്ക്ക് ആധാരം. അനുഭവസ്ഥരുടെ കീർത്തനങ്ങളിൽ തെളിയുന്നതും ആ പരമസത്യം തന്നെ. എത്ര കഠിനമായ പീഡകളിലൂടെ കടന്നു പോകേണ്ടിവരുമ്പോഴും ദൈവം അകന്നു പോകുന്നില്ല എന്ന അറിവു താളം തെറ്റാതെ പാടിമുന്നേറാൻ പര്യാപ്തമാണ്.

> കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നുവെന്നറിഞ്ഞ അദ്ദേഹം കഷ്ടതയിലും പ്രശംസിക്കുന്നു. നമ്മുടെ സന്തോഷത്തിന്റെ നിദാനം ഭൗതിക സമ്പത്തുകളല്ലല്ലോ. ധാന്യവും വീഞ്ഞും വർദ്ധിച്ചാൽ ലോകർക്കു സന്തോഷം ഉണ്ടാകും. ദൈവമക്കൾക്കു സന്തോഷം നൽകുന്നതു ദൈവം ആണ് (സങ്കീ. 4:7)

### എന്തിനീ കഷ്ടങ്ങൾ?

മറുപടി ഇയ്യോബിൽ നിന്നു തുടങ്ങാം. "എന്നെ ശോധന ചെയ്താൽ ഞാൻ പൊന്നുപോലെ പുറത്തുവരും" (ഇയ്യോ. 23:10). അതു വലിയ പ്രത്യാശയും പ്രതീക്ഷയുമാണ്. പരീക്ഷ സഹിക്കുന്നവൻ ഭാഗ്യവാൻ. അവൻ കൊള്ളാകുന്നവനായി തെളിഞ്ഞുവരും (യാക്കോ. 1:12) യാക്കോബ് ഇയ്യോബിന്റെ വാക്കുകൾക്ക് അടിവരയിടുന്നു.

പൗലൊസ് പറയുന്നതു മറ്റൊരു കാരണമാണ്. ക്രിസ്തുവിന്റെ കഷ്ടങ്ങൾ ഞങ്ങളിൽ പെരുകുന്നതുപോലെ തന്നെ ക്രിസ്തുവിനാൽ ഞങ്ങളുടെ ആശ്വാസവും പെരുകുന്നു. ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസം കൊണ്ടു ഞങ്ങൾ ഏതൊരു കഷ്ടത്തിലുമുള്ളവരെയും ആശ്വസിപ്പിക്കാൻ ശക്തരാകേണ്ടതിനു ഞങ്ങൾക്കുള്ള കഷ്ടത്തിൽ ഒക്കെയും അവിടുന്നു ഞങ്ങളെ ആശ്വസിപ്പിക്കുന്നു (2 കൊരി. 1:5,4) സർവ്വാശ്വാസങ്ങളുടെയും ദൈവത്തിന്റെ ശുശ്രൂഷയ്ക്കായി നാം ഒരുക്കപ്പെടണമെങ്കിൽ നാം തന്നെ ആശ്വാസങ്ങൾ പ്രാപിച്ചവരായിരിക്കണം എന്നു സാരം. തൻ നിമിത്തം നമ്മുടെ ശുശ്രൂഷ ഏൽക്കുന്നവരുടെ ആശ്വാസത്തിനുവേണ്ടി സ്വയം കഷ്ടതയ്ക്ക് ഏൽപിക്കുവാൻ നമുക്കു കഴിയുന്നു.

### കഷ്ടതയിൽ പ്രശംസ

"തിരുനാമത്തിനു വേണ്ടി അപമാനം സഹിക്കാൻ യോഗ്യരായി എണ്ണപ്പെടുകയാൽ" സന്തോഷിച്ച (പ്രവൃ. 5:41) ആദിമ അപ്പൊസ്തലന്മാരുടെ ശ്രേണിയിലേക്കു വന്ന പൗലൊസ് ബഹുകഷ്ടങ്ങളോടുകൂടെ (പ്രവൃ. 20:19) കർത്താവിനെ സേവിച്ചു. സ്വന്തം പ്രാണനെ വിലയേറിയതായി എണ്ണാതിരുന്ന അദ്ദേഹം 'അനവധി കഷ്ടങ്ങളിലൂടെ നാം സ്വർഗ്ഗരാജ്യത്തിൽ കടക്കേണ്ടതാണ്' (പ്രവൃ. 14:22) എന്നു പഠിപ്പിച്ചു. അദ്ദേഹം അനുഭവിക്കേണ്ടിവന്ന കഷ്ടതകളുടെ ഒരു ലഘു വിവരണം മടിച്ചു മടിച്ച് അദ്ദേഹം കൊരിന്ത്യരെ എഴുതി അറിയിക്കുകയും ചെയ്തു (2കൊരി. 11:23-28)

കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നുവെന്നറിഞ്ഞ അദ്ദേഹം കഷ്ടതയിലും പ്രശംസിക്കുന്നു (റോമ. 5:3-4). കഷ്ടത (ബലഹീനത) യിൽ അതിസന്തോഷത്തോടെ പ്രശംസിക്കാൻ കഴിയുന്നതാണ് (2 കൊരി. 12:9,10) യഥാർത്ഥ പ്രത്യാശയുടെ ലക്ഷണം കാരണം ദൈവത്തിന്റെ ശക്തി നമ്മുടെ ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നതാണ്.

കഷ്ടത ശാശ്വതമായ ഒരു പ്രതിഭാസമല്ല എന്നതു വചനം പഠിപ്പിക്കുന്ന ഒരു ഉത്തമ സത്യമാണ്. "അവിടുന്നു മരണത്തെ സദാകാലത്തേക്കും നീക്കിക്കളയും; യഹോവയായ കർത്താവു സകല മുഖങ്ങളിലും നിന്നു കണ്ണുനീർ തുടയ്ക്കുകയും അവിടുത്തെ ജനത്തിന്റെ നിന്ദ സകല ഭൂമിയിൽ നിന്നും നീക്കിക്കളയുകയും ചെയ്യും" (യെശ. 25:8) "ഇനി അവർക്കു വിശക്കുകയില്ല, ദാഹിക്കയുമില്ല വെയിലും യാതൊരു ചൂടും അവരുടെമേൽ തട്ടുകയുമില്ല (വെളി. 7:16)

ഈ ബോധ്യമുള്ളവർക്കു പൗലൊസിനൊപ്പം ധൈര്യമായി പറയാൻ കഴിയും: നൊടി നേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു (2 കൊരി. 4:17).

'നാം കഷ്ടത അനുഭവിക്കാൻ നിയമിക്കപ്പെട്ടിരിക്കുന്നു' (1 തെസ്സ. 3:3) എന്ന് അറിയുമ്പോൾ കഷ്ടതയുടെ ആത്യന്തിക ഫലമായ പ്രത്യാശ തന്നെ യാവണം നമ്മുടെ മനസു നിറയ്ക്കേണ്ടത്. കഷ്ടതയുടെ കുഴഞ്ഞ ചേറ്റിലും നാശകരമായ കുഴിയിലും നിന്നു കയറ്റി കാലുകളെ പാറമേൽ നിറുത്തി വായിൽ പുതിയ പാട്ടു തന്നതു ദൈവത്തിനു സ്തുതി പാടാനാണ് (സങ്കീ. 40:2,3).

ഭൗതീക സമൃദ്ധിയുടെ ഉറവു വറ്റിപ്പോയാലും ദൈവം തരുന്ന സന്തോഷം നിലനിൽക്കുന്നു. അതുകൊണ്ട് ഭക്തന്മാർ പാടി: "അത്തിവൃക്ഷം തളിർക്കുകയില്ല; മുന്തിരിവള്ളിയിൽ ഫലം ഉണ്ടാവുകയില്ല; ഒലിവുമരം നിഷ്ഫലമായിപ്പോകും, നിലങ്ങൾ വിളവില്ലാതാകും, ആട്ടിൻ കൂട്ടവും കാലിക്കൂട്ടവും നശിച്ചുപോകും; എങ്കിലും ഞാൻ ദൈവത്തിൽ ആനന്ദിക്കും; അവിടുന്ന് എന്റെ ബലമാകുന്നു" (ഹബ. 3:17-19). ഹബക്കൂക്കിനൊപ്പം നമുക്കും പാടാൻ കഴിയണം. നമ്മുടെ സന്തോഷത്തിന്റെ നിദാനം ഭൗതിക സമ്പത്തുകളല്ലല്ലോ. ധാന്യവും വീഞ്ഞും വർദ്ധിച്ചാൽ ലോകർക്കു സന്തോഷം ഉണ്ടാകും. ദൈവമക്കൾക്കു സന്തോഷം നൽകുന്നതു ദൈവം ആണ് (സങ്കീ. 4:7)

### പുതിയതലമുറയും

കണ്ണുനീരും ദു:ഖവും നിരാശയും  
പൂർണ്ണമായ് മാറിടും ദിനം വരും  
അന്നുപാടും ദൂതർമദ്ധ്യേ ആർത്തു  
പാടും ശുദ്ധരും  
ഇത്രത്തോളം യഹോവ സഹായിച്ചു  
ഇത്രത്തോളം ദൈവം എന്നെ നടത്തി  
ഒന്നുമില്ലായ്മയിൽ നിന്നെന്നെ  
ഉയർത്തി  
ഇത്രത്തോളം യഹോവ സഹായിച്ചു

വളരെ വേഗം പ്രചാരത്തിൽ വരികയും സംസ്ഥാന അതിർത്തി കടന്നും മലയാളികൾ എല്ലാം പാടി ആശ്വസിക്കുകയും ചെയ്യുന്ന ഈ വരികൾ അനുഗ്രഹീത സുവിശേഷകനായ നമ്മുടെ സഹോ. ഡി.ജെ. അജിത്കുമാറിന്റേതാണ്. പുത്തൻ തലമുറയിലും ദൈവീക കരുതലിനെക്കുറിച്ച് പ്രത്യാശയോടെ പാടുന്നവരുണ്ട് എന്നത് ആശ്വാസകരം തന്നെ.

പാട്ടു നിർത്തരുത്, താളം തെറ്റരുത്. യേശുവെപ്പോലെ ആകാനും യേശുവിന്റെ വാക്കു കാക്കാനും യേശുവിനെ നോക്കി ജീവിക്കാനും ആഗ്രഹിച്ച നാഗൽ സായ്പിനോടു ചേർന്നു നമുക്കു പാടാം, പ്രാർത്ഥിക്കാം.

കഷ്ടതയിലും പാടുവാൻ  
നഷ്ടമതിൽ കൊണ്ടാടുവാൻ  
ശക്തിയരുൾക നാഥനേ  
ഭക്തിയിൽ പൂർണ്ണനാക്കുക. ✸

# അണ്ണാഹസാരെയും ജനലോക്പാൽബില്ലും

ഇന്ത്യ മുഴുവനും ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണിത്. 74 വയസ്സ് പ്രായമുള്ള കിസാൻ ബാബുറാവു ഹസാരെ എന്ന അണ്ണാഹസാരെ ജനകോടികളുടെ ശ്രദ്ധ പിടിച്ചുപറ്റികഴിഞ്ഞിരിക്കുന്നു. അനേകം ബഹുമതികൾ ദേശീയമായും അന്തർദേശീയമായും നേടിയിട്ടുള്ള ഒരു വ്യക്തിപ്രഭാവമാണ് അണ്ണാഹസാരെയ്ക്കുള്ളത്. 1990-ൽ പത്മശ്രീയും, 1992-ൽ പത്മഭൂഷണും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ഗാന്ധിഗ്രാം റൂറൽ യൂണിവേഴ്സിറ്റിയുടെ ഓണററി ഡോക്ടറേറ്റും 2005-ൽ അദ്ദേഹത്തെ തേടിയെത്തി. അദ്ദേഹത്തിന്റെ സാമൂഹിക പ്രവർത്തനങ്ങൾ മഹാരാഷ്ട്രയിലെ റാലെഗാവ് സിദ്ധി എന്ന ഗ്രാമത്തിൽ തുടങ്ങി. മദ്യനിരോധനം, ധാന്യസമാഹരണം, നീർത്തട വികസനപദ്ധതി, ക്ഷീരഉല്പാദനം, വിദ്യാഭ്യാസം, അയിത്തദുരീകരണം, സമൂഹവിവാഹം, ഗ്രാമസഭാവികസനം എന്നീ മേഖലകളിലെ പ്രവർത്തനങ്ങളിൽ അദ്ദേഹം ശ്രദ്ധ പിടിച്ചുപറ്റി. ഏഴാം ക്ലാസ്സ് വരെമാത്രം പഠിച്ചിട്ടുള്ള കിസാൻ ഹസാരെ മഹാരാഷ്ട്രയിലെ ഭീൻഗാർ ഗ്രാമത്തിൽ 1937 ജൂൺ 15 ന് ജനിച്ചു. ഇന്ത്യൻ ആർമിയിൽ ചേർന്ന അദ്ദേഹം അതുവിടുമ്പോൾ പൂർണ്ണ നിരാശനായിരുന്നു. ആത്മഹത്യയ്ക്കായി ശ്രമം നടത്തിയ കിസാൻ ന്യൂഡൽഹി റയിൽവേ സ്റ്റേഷനിലെ ഒരു ബുക്ക്കടയിൽ നിന്നും വാങ്ങിയ വിവേകാനന്ദന്റെ പുസ്തകം വായിച്ചാണ് ആത്മഹത്യാശ്രമം ഉപേക്ഷിച്ച് സാമൂഹികപ്രവർത്തനത്തിലേക്ക് തിരിഞ്ഞത്. വിവേകാനന്ദന്റെയും, ഗാന്ധിയുടെയും, വിനോഭാഭാവേയുടെയും പുസ്തകങ്ങൾ അദ്ദേഹം വായിക്കുവാൻ തുടങ്ങി. 1978-ൽ തന്റെ 38-ാമത്തെ വയസ്സിൽ ജോലിയിൽനിന്ന് സ്വയം വിരമിച്ച് സാമൂഹികപ്രവർത്തനങ്ങൾ ആരംഭിച്ചു. തുടർന്ന് അനേക സമരപരിപാടികൾക്ക് നേതൃത്വം നൽകി.

2011 ഏപ്രിൽ 5 ന് ഹസാരെ ജനലോക്പാൽ ബില്ലിനുവേണ്ടി നിരാഹാരസമരം ആരംഭിച്ചു. അതിന് മുൻപ് പലപ്പോഴും പലസമരങ്ങൾക്കും നേതൃത്വം കൊടുത്തിട്ടുണ്ടെങ്കിലും ഈ സമരം ഹസാരയെക്കുറിച്ചു ഭാരതം മുഴുവനുമുള്ള ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ സാധിച്ചു. മൂന്ന് ദിവസത്തെ നിരാഹാരം കഴിഞ്ഞ് സമരം നിർത്തിയ അദ്ദേഹത്തിന് അനുകൂലമായും പ്രതികൂലമായുമുള്ള പ്രതികരണം ഭാരതത്തിന്റെ പല മേഖലകളിൽ നിന്നും ഉണ്ടായി. ഈ അവസരത്തിലാണ് റാംദേവ് എന്ന ഹൈന്ദവ സന്യാസി അഴിമതിവിരുദ്ധ മുന്നേറ്റവുമായി സമരം ആരംഭിച്ചത്. തുടർന്നുണ്ടായ പല നാടകീയരംഗങ്ങൾക്കും ഡൽഹിയും ഭാരതവും സാക്ഷ്യം വഹിച്ചു. റാംദേവിന്റെ സമരത്തോടെ ഹസാരെയുടെ സമരം സംശയദൃക്കോടെ ജനങ്ങൾക്ക് വീക്ഷിക്കേണ്ടിവന്നു. ചില ഹൈന്ദവസന്യാസിമാരും, ബി.ജെ.പിയും, മറ്റു ഹൈന്ദവസംഘടനകളും ഈ സമരങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചതോടെ ഇവരുടെ സമരങ്ങളുടെ മതേതരത്വവും ആത്മാർത്ഥതയും ചോദ്യം ചെയ്യപ്പെട്ടു. എങ്കിലും ജനലോക്പാൽ ബില്ലിന്റെ ഒരുവരി പോലും അറിഞ്ഞുകൂടാത്ത - വായിച്ചിട്ടില്ലാത്ത നിരപരാധികളായ ജനം ത്രിവർണ്ണപതാകയുമായി തെരുവിലിറങ്ങി.

അണ്ണാഹസാരെയ്ക്ക് മറ്റൊരു മുഖമുണ്ടെന്ന് പല സാമൂഹിക പ്രവർത്തകരും ശബ്ദിക്കുവാൻ തുടങ്ങി. ഏപ്രിൽ 2011 ൽ ഗുജറാത്ത് മുഖ്യമന്ത്രിയായ നരേന്ദ്രമോഡിയേയും, ബീഹാർ മുഖ്യമന്ത്രിയായ നിതീഷ്കുമാറിനേയും പുകഴ്ത്തിപാടിയ പ്രസ്സ്കോൺഫറൻസ് അണ്ണാഹസാരയ്ക്ക് വിനയായി. 2011 മെയിൽ അത് അദ്ദേഹം തിരിച്ചുപറയാൻ ശ്രമിച്ചെങ്കിലും അദ്ദേഹത്തിന്റെ വർഗ്ഗീയ മനസ്സാണ് ഇതു പറയാൻ പ്രേരിപ്പിച്ചതെന്ന് ചിലരെങ്കിലും വിശ്വസിച്ചു. ഹസാരെയുടെ സംഘടനയുടെ പേരു തന്നെ 'ഹിന്ദ് സ്വരാജ് ട്രസ്റ്റ്' എന്നാണ്. മഹാരാഷ്ട്ര ഗവൺമെന്റ് അന്വേഷിച്ച ജസ്റ്റിസ് പി.ബി. സാവന്ത് കമ്മീഷൻ ഹിന്ദ് സ്വരാജ് ട്രസ്റ്റിന്റെ വിശ്വസ്തതയെ ചോദ്യം ചെയ്തിട്ടുണ്ട്. ഹസാരെയുടെ ജന്മദിനത്തിന് ഈ ട്രസ്റ്റ് 2.20 ലക്ഷം രൂപ ധൂർത്തടിച്ചു ആഘോഷങ്ങൾ നടത്തി എന്നാണ് കമ്മിഷൻ കണ്ടുപിടിച്ചത്.

ദളിത് എഴുത്തുകാരനായ ചന്ദ്രഭൻപ്രസാദ് അണ്ണാഹസാരെയുടെ ഇപ്പോഴത്തെ ഈ അഴിമതിവിരുദ്ധ മുന്നേറ്റത്തോട് ശക്തമായ എതിർപ്പ് പ്രകടിപ്പിക്കുന്നു. ഇന്ത്യൻ ജനാധിപത്യ സമ്പ്രദായത്തിനോടുള്ള ശക്തമായ വെല്ലുവിളിയാണ് തിരഞ്ഞെടുക്കപ്പെടാത്ത ഒരു ബോഡിയെകൊണ്ട് രാജ്യത്തിന്റെ അഴിമതി നിരീക്ഷിക്കണം എന്നത് എന്ന് അദ്ദേഹം പറയുന്നു. ഇത് വലിയ അപകടം വിളിച്ചുവരുത്തും എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. സുപ്രസിദ്ധ ദളിത് ചിന്തകനും എഴുത്തുകാരനുമായ കാഞ്ചാഇളയയും ഹസാരെയുടെ പ്രസ്ഥാനത്തെ സംശയത്തോടെ വീക്ഷിക്കുന്നു. സാമൂഹികനീതിക്ക് നിരക്കാത്തതാണ് ഹസാരയുടെ മുന്നേറ്റം. ഭാരതത്തിലെ ദളിതർക്കും, ആദിവാസികൾക്കും, പിന്നോക്കവിഭാഗക്കാർക്കും, മറ്റു ന്യൂനപക്ഷങ്ങൾക്കും ഹസാരെയുടെ ഇത്തരം മുന്നേറ്റം കൊണ്ട് ഒരു പ്രയോജനവും ലഭിക്കുന്നില്ല എന്നാണ് അദ്ദേഹം പറയുന്നത്. അനൂപ് ഖേറി എന്ന മറ്റൊരു സാമൂഹിക ചിന്തകൻ ഇങ്ങനെ പറയുന്നു: "അഴിമതിക്കെതിരെ പറഞ്ഞുകൊണ്ട് ഹിന്ദുത്വവാദം പ്രചരിപ്പിക്കുകയാണ് അണ്ണയുടെ ഭാഷയും അദ്ദേഹം ഉപയോഗിക്കുന്ന അടയാളങ്ങളും. ഇത് സവർണ്ണ ഹൈന്ദവ പ്രകൃതിയുള്ളതാണ്. ഒരു ദളിതൻ എന്ന രീതിയിൽ എനിക്കിതിനോട് എതിർപ്പുണ്ട്".

അണ്ണാഹസാരെ 1975 മുതൽ മഹാരാഷ്ട്രയിലെ റാലെഗാൺ സിദ്ധി എന്ന ഗ്രാമത്തിലെ സാന്ത് യാദവ് ബാബ ഹൈന്ദവ ക്ഷേത്രത്തിലാണ് താമസിക്കുന്നത്. ഇതും അദ്ദേഹത്തിന്റെ മതേതരത്വസ്വഭാവത്തെ ചോദ്യം ചെയ്യുന്നു. ഇന്ത്യൻ എക്സ്പ്രസ് പത്രത്തിന്റെ എഴുത്തുകാരനായ ജാവദ് ആനന്ദും ഹസാരെയുടെ പ്രവർത്തനശൈലിയെ സംശയദൃഷ്ടിയോടാണ് വീക്ഷിക്കുന്നത്. അദ്ദേഹം എഴുതിയ ലേഖനം ഇങ്ങനെയാണ് ഉപസംഹരിക്കുന്നത്:

"അഴിമതിരഹിത ഭാരതം തീർച്ചയായും നല്ലതുതന്നെ. എന്നാൽ എന്റെ ഒരു സംശയം മറ്റൊന്നിലേക്ക് എന്നെ നയിക്കുന്നു. 1970 ൽ ശ്രീ. ജയ്പ്രകാശ് നാരായണനും, 1980 ൽ ശ്രീ. വി.പി. സിംഗും ഉണ്ടാക്കിയ അഴിമതി വിരുദ്ധ മുന്നേറ്റങ്ങൾ നാം കണ്ടതാണ്. ഇവ രണ്ടും ഭാരതത്തിൽ അഴിമതി തുടച്ചു നീക്കാൻ സഹായിച്ചില്ല. പ്രത്യുത, ഭാരതത്തിന്റെ ദേശീയ രാഷ്ട്രീയത്തെ വിഷവത്കരിക്കാനേ ഇത് ഇടയാക്കിയുള്ളു. ശ്രീ. ജയപ്രകാശ് നാരായണന്റെ മുന്നേറ്റവും അതിനുശേഷം വന്ന ജനതാഗവൺമെന്റും ഹിന്ദു വർഗ്ഗീയതയ്ക്ക് വഴിയൊരുക്കി കൊടുത്തു. ബി.ജെ.പി പിന്തുണയോടെയുള്ള വി.പി. സിംഗിന്റെ ഭരണം 1984 ൽ രണ്ട് സീറ്റുകൾ മാത്രം ലോക്സഭയിൽ ഉണ്ടായിരുന്ന ബി.ജെ.പിയ്ക്ക് 1989 ൽ 79 സീറ്റാക്കി വർദ്ധിപ്പിക്കാൻ സഹായിച്ചു. തുടർന്ന് ഒരു ഹിന്ദുത്വ സർക്കാർ ഇന്ത്യയെ ഭരിക്കേണ്ടി വന്നു. ജയപ്രകാശ് നാരായണനോ, വി.പി. സിംഗോ വർഗ്ഗീയവാദികളായിരുന്നുവെന്ന് ആരും പറയുകയില്ല. എന്നാൽ അവരുടെ മുന്നേറ്റങ്ങളുടെ പരിണിതഫലമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്."

എഴുത്തുകാരനായ ഷ്രേദ് പിള്ളൈ ഇപ്രകാരം ചൂണ്ടിക്കാണിക്കുന്നു: "മഹാത്മാഗാന്ധിക്കുശേഷം ഇപ്പോൾ മാത്രമാണോ ഇന്ത്യയിലെ അഴിമതി കാണാൻ ഹസാരയ്ക്ക് കഴിഞ്ഞത്. ഡോ. മൻമോഹൻസിംഗിനെപ്പോലുള്ള ലോകം അംഗീകരിക്കുന്ന, സത്യസന്ധതയും ആത്മാർത്ഥതയും ഉള്ള ഒരു പ്രധാനമന്ത്രിയുടെ നേതൃത്വത്തിലെ സർക്കാരിനെതിരെയുള്ള ഇത്രയും വലിയൊരു ആരോപണത്തെ സംശയദൃഷ്ടിയോടെ കാണാൻ കഴിയൂ. ഭാരതം ഇതുവരെയും കണ്ടിട്ടുള്ളതിൽ വച്ച് വിദ്യാസമ്പന്നന്മാരായ ഒരു നല്ല ടീമാണ് സിംഗിനോടുള്ളതെന്നാണ് പിള്ളൈ പറയുന്നത്. ഹാവാർഡ് യൂണിവേഴ്സിറ്റി ബിരുദധാരികളായ മന്ത്രിമാർ ഉൾപ്പെടെയുള്ള ചിന്താശക്തിയുള്ള ഒരു കൂട്ടമാണ് ഡോ. മൻമോഹൻസിംഗിനോട് കൂടെയുള്ളത്. ഹസാരെ ആവശ്യപ്പെടുന്ന ബിൽ ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണസംവിധാനത്തിന് എതിരെയുള്ള ഒരു വെല്ലുവിളി തന്നെയായിരിക്കും. ഭാരതത്തിന്റെ നഗരങ്ങളിൽ ജനങ്ങളെ ഇളക്കിവിടുന്ന ഇത്തരം മുന്നേറ്റങ്ങൾ ഗുണത്തിനെതിരെ ദോഷം ചെയ്യും". അതുകൊണ്ട് ഹസാരെയുടെ നീക്കങ്ങളെ ഭാരതത്തിലെ എല്ലാ വർഗ്ഗീയ വിരുദ്ധ രാഷ്ട്രീയ പാർട്ടികളും പുരോഗമന സോഷ്യലിസ്റ്റ് ചിന്താഗതിക്കാരും സംശയത്തോടെയാണ് വീക്ഷിക്കുന്നത്. ഭാരതത്തിലെന്നല്ല ലോകം മുഴുവനും അഴിമതി ഒരു പുതിയ സാമൂഹിക പ്രശ്നമൊന്നുമല്ല. എന്നാൽ അഴിമതി ഉണ്ടായാൽ അതു കണ്ടുപിടിക്കുകയും അഴിമതക്കാരെ ശിക്ഷിക്കുകയും ചെയ്യണമെന്നതാണ് ആവശ്യം. 2 ജി സ്പെക്ട്രം അഴിമതിയാരോപിക്കപ്പെട്ട കേന്ദ്രമന്ത്രി എ. രാജയും, കനിമൊഴിയും, കൂട്ടരും ഇന്നു ജയിലിലാണ്. കേന്ദ്രമന്ത്രി സുരേഷ് കൽമാഡിയും തിഹാർ ജയിലിലായി. കൂട്ടു മന്ത്രിസഭയിലെ ഡി.എം.കെയ്ക്കു എതിരെ ശക്തമായ നിലപാടാണ് മൻമോഹൻസിംഗ് എടുത്തത്. നിയമം അതിന്റെ വഴിക്കു പോവുകയും അതിവേഗതയിൽ നടപടികൾ ഉണ്ടാവുകയും ചെയ്യുന്നു. എന്നാൽ കർണ്ണാടക മുഖ്യമന്ത്രി യഡിയൂരപ്പ അഴിമതിയിൽ മുങ്ങിയപ്പോൾ രാജി വയ്ക്കാൻ എന്തുമാത്രം സമ്മർദ്ദമാണ് ബിജെപി നേതൃത്വത്തിന് ചെലുത്തേണ്ടിവന്നത്. രാജി വച്ചെങ്കിലും ഇന്നു യഡിയൂരപ്പയുടെ രഹസ്യനേതൃത്വത്തിലാണ് കർണ്ണാടക രാഷ്ട്രീയം ചലിക്കുന്നതെന്ന് കർണ്ണാടകക്കാർ കരുതുന്നു.

ആഗസ്റ്റ് 22 ന് അരുന്ധതിറോയി ദ ഹിന്ദു ദിനപത്രത്തിൽ ശക്തമായ ഭാഷയിലാണ് ഹസാരെയ്ക്കെതിരെ എഴുതിയിരിക്കുന്നത്. അതേ ലേഖനം തന്നെ ആഗസ്റ്റ് 23 ന് മലയാളമനോരമയും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരി



# ഹഫാമിലൂടെ സന്ധാരണം ചെയ്യപ്പെടുന്ന നിർദ്ധന കുടുംബങ്ങളെ പരിചയപ്പെടുക

*'എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരാളിനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്ക് ചെയ്തു" എന്നരുളിയ ക്രിസ്തുവിന്റെ വചനത്തെ ശിരസ്സാ വഹിച്ചു കൊണ്ട് അത് അന്വർത്ഥമാക്കുവാനായി ജി.എം.ഐയുടെ ഹാപ്പി ഫാമിലി മിഷൻ (ഹഫാം) അഥവാ സന്തുഷ്ട കുടുംബ പദ്ധതി പ്രവർത്തിക്കുന്നു. ഇതുവരെ ഹഫാമിലൂടെ നിരാശയുടെ കരകേറാ കയത്തിൽ നിന്നും, പ്രത്യാശയുടെ സന്തോഷ തീരത്തേയ്ക്ക് പിടിച്ചുയർത്തപ്പെട്ടവരിൽ, ആത്മഹത്യയ്ക്ക് ശ്രമിച്ചവർ, സ്വന്തം പിതാവിനാൽ പീഢിപ്പിക്കപ്പെട്ട് ജീവിതം തകർന്നു പോയവർ തുടങ്ങി ദാരിദ്രം നിമിത്തം സ്വന്തം കുഞ്ഞിനെ വിൽക്കുവാൻ ശ്രമിച്ചവർ വരെ ഉണ്ട്. ദൈനംദിന ജീവിതത്തിന് നിർവ്വാഹമില്ലാതെ വലയുന്ന, ഗൃഹനാഥൻ മരിച്ചു പോയതോ, രോഗിയായിരിക്കുന്നതൊ ആയ ദരിദ്ര കുടുംബത്തെ വ്യക്തമായ സർവ്വേകളിലൂടെ കണ്ടെത്തുകയും തുടർന്ന് അവരെ സഹായിക്കുവാൻ ശേഷിയുള്ള ഒരു സന്തുഷ്ട കുടുംബത്തെ കൊണ്ട് സന്ധാരണം ചെയ്ത്, പ്രതിമാസം ആവശ്യമുള്ള ഭക്ഷണത്തിന് ആവശ്യമായ സാധനങ്ങൾ എത്തിച്ചു കൊടുത്ത് അവരെയും ഒരു സന്തുഷ്ട കുടുംബമാക്കി തീർക്കുന്ന ഈ മഹനീയ പദ്ധതിയിലൂടെ പ്രത്യാശയുടെ തീരത്തേക്ക് നയിക്കപ്പെട്ട എളിയവരെ പരിചയപ്പെടുത്തുകയാണ് ഈ പംക്തിയിലൂടെ ചെയ്യുന്നത്. ഇപ്രകാരം നാന്നൂറിലധികം കുടുംബങ്ങൾ ഇപ്പോൾ സന്ധാരണം ചെയ്യപ്പെടുന്നു.*

**തിരുവനന്തപുരം ജില്ലയിൽ കുന്നത്തുകാൽ പഞ്ചായത്തിൽ എള്ളുവിള, നെച്ചുവാടിയിൽ താമസിക്കുന്ന ചെല്ലമ്മ (80) യുടെ കുടുംബം. സഹോദരി പിച്ചി (55) രോഗകിടക്കയിലാണ്. മകന്റെ മൂത്തമകൾ ശരണ്യ (15) യ്ക്ക് ജനനം മുതൽ എഴുന്നേറ്റു നടക്കാനുള്ള കഴിവില്ല. ബുദ്ധിമാന്ദ്യവുമുണ്ട്, മറ്റു മക്കൾ സജീഷ് (14) 10-ാം ക്ലാസ്സിലും, സജീർ (10) 5-ാം ക്ലാസ്സിലും പഠിക്കുന്നു. മകന്റെ ഭാര്യ ലിസ്സി (43) മകളെയും മാതാവിനെയു സഹോദരിയെയും ശുശ്രൂഷിക്കുന്നതുകൊണ്ട് യാതൊരു ജോലിക്കും പോകാൻ കഴിയുന്നില്ല. മകൻ നോബിൾരാജ് ജോലി ചെയ്താൽ ലഭിക്കുന്ന തുച്ഛമായ തുകകൊണ്ടു വേണം ഈ വലിയ കുടുംബത്തിന്റെ ആഹാരവും മരുന്നും ഉൾപ്പെടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റാൻ. 40 വർഷം മുൻപ് പണികഴിപ്പിച്ച ഒരു വീട്ടിലാണ് താമസം. സഹായിക്കുവാൻ ആരുമില്ലാതെ പട്ടിണിയിലും നിരാശയിലും ഈ വലിയ കുടുംബം കഴിഞ്ഞിരുന്നു. ഹഫാമിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കേട്ടവർ ഇവരുടെ വിവരം ജി.എം.ഐ ഓഫീസിൽ അറിയിച്ചു. തുടർന്ന് ഈ കുടുംബത്തിലേക്ക് പ്രത്യാശയുടെ ഒരു കൈത്തിരി തെളിയിക്കുവാൻ ഹഫാമിലൂടെ സാധിച്ചുവരുന്നു.**

**പട്ടിണിയുടെ കാഠിന്യതയിൽ യാതൊരു വരുമാനവും സഹായങ്ങളുമില്ലാതെ ജീവിച്ചിരുന്ന ഇവരെ സന്തുഷ്ട കുടുംബ പദ്ധതിയിലൂടെ സന്ധാരണം ചെയ്തു കൊണ്ടിരിക്കുന്നത് ബാംഗ്ലൂരിലെ ആൽഫാ ഇന്ത്യ എന്ന സംഘടനയാണ്.**



ച്ചു. ആർ.എസ്.എസ്സുമായുള്ള അദ്ദേഹത്തിന്റെ പൂർവ്വബന്ധത്തെ അവർ ചോദ്യം ചെയ്യുന്നു. സംവരണ ബില്ലിനേയും, സംവരണസംവിധാനത്തിനേയും എതിർക്കുന്ന ഹസാരെയുടെ യുവജനപ്രസ്ഥാനത്തെയും അരുന്ധതി ചോദ്യം ചെയ്യുന്നുണ്ട്. കൊക്കോകോള, അരവിന്ദ് ഹെജറിവാളും, മാനിഷ് സിസോഡിയയും നടത്തുന്ന ലഹമൻ ബ്രദേഴ്സും കബീറും തുടങ്ങിയ കോടിപതികളാണ് ഹസാരെക്ക് പണമെത്തിക്കുന്നത്. നാലു ലക്ഷം അമേരിക്കൻ ഡോളർ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ഫോർഡ് ഫൗണ്ടേഷൻ ഹസാരെയ്ക്ക് നൽകിയതും അരുന്ധതി രേഖപ്പെടുത്തുന്നു. ഹസാരെയ്ക്ക് പണം നൽകുന്ന പല രാഷ്ട്രീയക്കാരും, മൾട്ടിനാഷണൽ കമ്പനി ഉടമകളും, റാംദേവിനെപ്പോലുള്ള കുപ്രസിദ്ധ സന്യാസിമാരും അഴിമതി അന്വേഷണകേസിൽ പ്രതികളാണ്. അതുകൊണ്ടുതന്നെ ഹസാരെയുടെ ഈ പ്രവർത്തനങ്ങൾ ഭാരതത്തിലെ സാധുക്കൾക്ക് ഒരു ഗുണവും ഉണ്ടാക്കുകയില്ല എന്നുള്ളതിലുപരി ഒരു ആഭ്യന്തരകലഹത്തിലേക്ക് ഭാരതത്തെ നയിക്കാനേ ഇടയാക്കൂ എന്ന് അവർ അനുമാനിക്കുന്നു. ത്രിവർണ്ണപതാക കയ്യിൽപിടിച്ച് ആട്ടുന്നത് ഭാരതീയരെ മൂഢരാക്കാനേ കഴിയൂ എന്നാണ് അവരുടെ അഭിപ്രായം. ഹസാരെയുടെ തന്നെ സംസ്ഥാനത്തിലെ കൃഷിക്കാരുടെ ആത്മഹത്യയും, സിംഗൂർ, നന്ദിഗ്രാം, ലാൽഗാർഗ്, പോസ്ഗോ, സെസ് തുടങ്ങിയ അനേകസാമൂഹികപ്രശ്നങ്ങളും ദേശീയപ്രശന്ങ്ങളായിരുന്നപ്പോൾ ഇദ്ദേഹം എവിടെയായിരുന്നു എന്ന് അരുന്ധതിറോയി ചോദിക്കുന്നു.

രാജ്യത്തിന് അഴിമതിപോലെ തന്നെ വലിയ വിപത്താണ് വർഗ്ഗീയതയെന്നും വർഗ്ഗീയതയ്ക്കെതിരായ നിലപാട് ഹസാരെ എന്തുകൊണ്ട് എടുക്കുന്നില്ലായെന്നും ഡൽഹി ജുമാ മസ്ജിദ് ഇമാം സായിദ് അഹമ്മദ് ബുഖാരി ചോദിച്ചു. ആർ.എസ്സ്.എസ്സ്, ബി.ജെ.പി തുടങ്ങിയ സംഘടനകളുടെ പിന്തുണയിൽ മാത്രമാണ് ഹസാരെയുടെ സമരമെന്നും ബുഖാരി ആരോപിച്ചതായി മനോരമ ആഗസ്റ്റ് 23 ന് റിപ്പോർട്ട് ചെയ്തു.

ഹസാരെയുടേത് ജനാധിപത്യ സ്ഥാപനങ്ങൾക്ക് തുരങ്കം വയ്ക്കുന്ന സമീപനമാണെന്നും അത് അംഗീകരിക്കാനാവില്ലെന്നും പ്രമുഖ സാമൂഹിക പ്രവർത്തകയും ദേശീയഉപദേശക സമിതി അംഗവുമായ അരുണാറോയി അഭിപ്രായപ്പെട്ടു. ചർച്ചകളില്ലാതെ തങ്ങളുടെ ബിൽ പാസ്സാക്കണമെന്ന ഹസാരെയുടെ വാദം അസഹിഷ്ണുതയാണ് വ്യക്തമാക്കുന്നതെന്ന് ഡൽഹി ഹൈക്കോടതി മുൻ ചീഫ്ജസ്റ്റിസ് എ.പി. ഷാ പറഞ്ഞതായും മനോരമ ആഗസ്റ്റ് 23 ന് റിപ്പോർട്ട് ചെയ്തിരുന്നു.

ജവഹർലാൽനെഹ്റു യൂണിവേഴ്സിറ്റിയുടെ സെന്റർ ഫോർ ദ സ്റ്റഡി ഓഫ് റീജിയണൽ ഡെവലപ്മെന്റിൽ ഇക്കണോമിക്സ് പ്രഫസറായ ഡോ. സുഖദേവ് തോറാത്ത് അംബേദ്കറിന്റെ വഴിയേയും, ഹസാരെയുടെ മാർഗ്ഗത്തേയും കുറിച്ചുള്ള ഒരു താരതമ്യപഠനമാണ് ആഗസ്റ്റ് 23 ന് ദ ഹിന്ദു ദിനപത്രത്തിൽ എഴുതിയത്. ഹസാരെയുടെ മാർഗ്ഗം വലിയ അപകടമാണ് വിളിച്ചുവരുത്തുവാൻ സാദ്ധ്യതയുള്ളതെന്ന് അദ്ദേഹം വിവക്ഷിക്കുന്നു. യു.പി.എ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഹസാരെയുടെ സമരമുറകൾപോലുള്ള നീക്കങ്ങൾ ഒന്നുമില്ലാതെ തന്നെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിലവകാശം, വിവരാവകാശം, വനനിയമാവകാശം, വിദ്യാഭ്യാസാവകാശം, ഭക്ഷണാവകാശം ഇങ്ങനെ അനേക വിപ്ലവാത്മകമായ തീരുമാനങ്ങൾ ഭരണഘടനയിലൂടെ കൊണ്ടുവന്നതായി ചൂണ്ടിക്കാട്ടി. സാമൂഹികവും സാമ്പത്തികവുമായ അസമത്വം, ഭരണഘടനാതീതമായ സമരരീതികൾ, വ്യക്തിപൂജ എന്നിവ വലിയ അപകടമുണ്ടാക്കുമെന്ന ഡോ. അബേദ്കറിന്റെ പ്രസ്താവനയെ ഹസാരെയുടെ സമരരീതികളുമായി ഡോ. സുഖദേവ് താരതമ്യപ്പെടുത്തുന്നു.

ഡൽഹിയിലെ സെൻട്രൽ ഫോർ പോളിസി റിസർച്ചിന്റെ പ്രസിഡന്റായ പ്രദാപ് ഭാനു മേത്ത പറയുന്നത് ഇപ്രകാരമാണ് : "ജനാധിപത്യത്തിന് എതിരെയുള്ള ഒരു സംഘടിത സങ്കല്പം മാത്രമാണ് ജനലോക്പാൽ ബിൽ". ഇവിടെ പൊതുജനം ഇനിയും നോക്കുകുത്തികളായി ഇരിക്കാതെ സാമൂഹികപ്രവർത്തകർ എന്നപേരിൽ വരുന്നവരുടെ സത്യസന്ധതയും ആത്മാർത്ഥതയും, നിസ്വാർത്ഥതയും വിവേചിച്ച് അറിയാനുള്ള ഉത്തരവാദിത്വം ഓരോ ഇന്ത്യൻ പൗരനും ഉണ്ടെന്നുള്ള ബോധം ഉണ്ടാകേണ്ടതാണ്. ആഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച ഇന്ത്യാഗേറ്റിലും, ഡൽഹിയിലെ രാംലീലാമൈതാനത്തിലും ഒന്നുമറിഞ്ഞുകൂടാതെ വന്നുകൂടിയ ആയിരക്കണക്കിന് ജനത്തിന് ലോക്പാൽബിൽ എന്താണെന്ന് പരസ്യമായി പഠിപ്പിക്കാനുള്ള തത്രപാടിലായിരുന്നു കിരൺബേദി. അതായത് അതുവരെ ഡൽഹിയിൽ ഇളകികൂടിയ ജനങ്ങൾക്ക് എന്താണ് ലോക്പാൽ ബില്ലെന്ന് പോലും അറിഞ്ഞുകൂടായിരുന്നുവെന്നുള്ള ബോധം അവർക്കുണ്ടായത് അപ്പോഴാണെന്ന് വ്യക്തമാണ്.

ഭാരതീയപൗരനെന്ന രീതിയിൽ രണ്ടുകാര്യങ്ങൾ നമ്മൾ ചെയ്യേണ്ടതുണ്ട്. ഇന്ന് ഇന്ത്യയിൽ നടക്കുന്ന ഈ സമരം എന്താണെന്നും ഇതിന്റെ പിന്നിലെന്താണെന്നുമുള്ള വ്യക്തമായ അവബോധം ഉണ്ടാകണം. രണ്ടാമത് ഭാരതത്തിന്റെ അഖണ്ഡതയ്ക്കും സമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കണം. അറുക്കാനും മുടിക്കാനും നശിപ്പിക്കാനും ആണ് ഇരുട്ടിന്റെയും തിന്മയുടെയും ശക്തികൾ (യോഹ. 10:10) പ്രവർത്തിക്കുന്നത്. സമാധാനം ഉണ്ടാക്കുന്നവനാണ് ദൈവപുത്രൻ അല്ലാതെ സമാധാനം നശിപ്പിക്കുന്നവനല്ല. ഇത് തിരിച്ചറിഞ്ഞ് പ്രതികരിക്കാനും പ്രാർത്ഥിക്കാനും മറ്റുള്ളവരെ ബോധവാന്മാരാക്കാനും നാം തയ്യാറാകണം.

***ഡി.ജെ. അജിത്കുമാർ***

ക്രൈസ്തവസഭയുടെ ചരിത്രം – ഭാഗം 67

# സ്വാമി വിവേകാനന്ദൻ – സാധുസുന്ദർസിംഗ് – ഭാരതീയ ക്രൈസ്തവസഭ

*എൻ. ജസ്റ്റിൻരാജ്*

## സ്വാമി വിവേകാനന്ദനും ക്രൈസ്തവദർശനവും

“ക്രിസ്തുവിന്റെ കാലത്താണ് ഞാൻ ജീവിച്ചിരുന്നതെങ്കിൽ കണ്ണുനീരുകൊണ്ടല്ല, എന്റെ ഹൃദയരക്തം കൊണ്ടുതന്നെ ഞാൻ അവിടുത്തെ പാദം കഴുകുമായിരുന്നു” എന്നു പ്രസ്താവിച്ച സ്വാമി വിവേകാനന്ദന് ക്രിസ്തുവിനെയും ക്രൈസ്തവ ദർശനത്തേയും സംബന്ധിച്ച് വളരെ വ്യക്തമായ ധാരണയും മതിപ്പും ആദരവും ഉണ്ടായിരുന്നു. അതേസമയം ക്രൈസ്തവരുടെ അക്രൈസ്തവമായ ജീവിതത്തെ ശക്തമായി വിമർശിക്കുകയും ചെയ്തു.

ഹൈന്ദവ നവോത്ഥാന ചരിത്രത്തിൽ മറക്കാനാവാത്ത വ്യക്തിമുദ്ര പതിപ്പിച്ച വിവേകാനന്ദൻ (1863–1902) സന്യാസത്തിന് അർഹതയില്ലാത്ത ഒരു ഹൈന്ദവഭവനത്തിൽ ജനിച്ചു. ശ്രീരാമകൃഷ്ണ പരമഹംസന്റെ ശിഷ്യനായി ഇൻഡ്യയിലുടനീളം സഞ്ചരിച്ച അദ്ദേഹത്തിന് ഇന്ത്യയിൽ നിലനിന്നിരുന്ന അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും തൊട്ടറിയുവാൻ ഇടയാവുകയും അതിൽ മനംനൊന്ത അദ്ദേഹം അതിനെതിരെ തിരിഞ്ഞു. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും കൊടുകുത്തി വാണ കേരളത്തിന്റെ ജാതിവ്യവസ്ഥയിൽ മുറിവേറ്റ അദ്ദേഹം കേരളത്തെ ‘ഇതൊരു ഭ്രാന്താലയം’ എന്നു വിശേഷിപ്പിച്ചു. യാഥാസ്ഥിക ഹിന്ദുക്കളുടെ വിമർശനവും വിലക്കും വകവക്കാതെ 1893-ൽ അമേരിക്കയിലെ ചിക്കാഗോയിൽ നടന്ന ലോകമതസമ്മേളനത്തിൽ ഭാരതത്തെ പ്രതിനിധീകരിച്ചു പ്രസംഗിച്ചു.

“Chrsit the Messenger” എന്ന പേരിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ച 1900-ൽ കാലിഫോർണിയായിലെ ലോസ് ഏഞ്ചലസിൽ അദ്ദേഹം ചെയ്ത പ്രസംഗത്തിലെ ഒരുഭാഗം ഇപ്രകാരമാണ്: “നസ്രേത്തിലെ മഹാപുരുഷനെക്കുറിച്ചുള്ള എന്റെ അഭിപ്രായം, പൗരസ്ത്യരുടെ വീക്ഷണകോണിൽ നിന്നായിരിക്കും. നസ്രേയക്കാരൻ ഒരു തനി പൗരസ്ത്യനായിരുന്നു എന്ന വസ്തുത നിങ്ങൾ പലപ്പോഴും മറന്നു കളയുന്നു. തനി പൗരസ്ത്യ സന്താനമായ നസ്രേത്തിലെ യേശുവിനെ കടുത്ത പ്രായോഗികനായിട്ട് നാം കാണുന്നു. മങ്ങിമറയുന്ന ഈ ലോകത്തിലും ലൗകീകവസ്തുക്കളിലും അവിടുത്തേക്ക് വിശ്വാസം ഇല്ല. ഞാൻ ഒരു പൗരസ്ത്യൻ, ക്രിസ്തുദേവനെ ആരാധിക്കുകയാണെങ്കിൽ അതിന് ഒരു വഴിയെ എനിക്കുള്ളു – ഈശ്വരനായിട്ട് അർച്ചിക്കുക, വേറൊന്നുമായിട്ടല്ല. ആ വഴിക്ക് അവിടുത്തെ ആരാധിക്കാൻ ഞങ്ങൾക്ക് അവകാശം ഇല്ലെന്ന് നിങ്ങൾ കരുതുന്നോ? അവിടുത്തെ നമ്മുടെ നിലയിലേക്ക് വലിച്ചു താഴ്ത്തി ഒരു വലിയ ആളായി കരുതി അല്പം ആദരവ് കാണിക്കാനെ ഭാവം ഉള്ളുവെങ്കിൽ, നാം ആദരിക്കുന്നതുതന്നെ എന്തിനാണ്?” ലോകരക്ഷകനായ ക്രിസ്തുവിനോടുള്ള സ്നേഹവും ബഹുമാനവും ആരാധനയും യെശയ്യാ പ്രവചനം 29:13-ൽ പറഞ്ഞിരിക്കുന്നതുപോലെ വെറും അധരജല്പനത്തിൽ മാത്രം ഒതുക്കിനിർത്തി, പ്രവർത്തികൊണ്ട് അവിടുത്തെ നിഷേധിക്കുന്ന ക്രിസ്ത്യാനികളെന്ന് അഭിമാനിക്കുന്നവരോട് അദ്ദേഹം ചോദിച്ച അർത്ഥവത്തായ ഈ ചോദ്യത്തിന്റെ പ്രസക്തി കാലം കഴിയും തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

സ്വാമിവിവേകാനന്ദന്റെ ഗുരുവായിരുന്ന ശ്രീരാമകൃഷ്ണ പരമഹംസനും (1836–1886) ഒരു ധ്യാനാവസരത്തിൽ ക്രിസ്തുവിന്റെ ദർശനം ലഭിച്ചതായി “ശ്രീരാമകൃഷ്ണലീലാമൃത”ത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

“ക്രിസ്തുവിന്റെ മിഷണറിമാരെയാണ് ഞങ്ങൾക്കാവശ്യം. അത്തരക്കാർ നൂറുകണക്കിനോ ആയിരക്കണക്കിനോ ഭാരതത്തിലേക്കു വരട്ടെ. ക്രിസ്തുവിന്റെ ജീവിതം കൊണ്ടുവരിക, അത് സമുദായ ഹൃദയത്തിൽ തന്നെ വ്യാപിക്കട്ടെ. ഭാരതത്തിന്റെ ഏതുഗ്രാമത്തിലും ഏതുകോണിലും അവിടുന്നു ഉപദേശിക്കപ്പെടട്ടെ” എന്ന് സ്വാമിവിവേകാനന്ദൻ വിദേശത്ത് ക്രൈസ്തവ സമൂഹത്തോട് ആഹ്വാനം ചെയ്തു. (വിവേകാനന്ദ സാഹിത്വസർവ്വസ്വം, ഏഴാംഭാഗം, 1963, പേജ് 439). ഇതിൽ നിന്നെല്ലാം ക്രൈസ്തവദർശനത്തോട് ഭാരതമോ യഥാർത്ഥ ഹിന്ദുക്കളോ എതിരല്ലെന്ന് അദ്ദേഹം വ്യക്തമാക്കി. ഭാരതത്തിൽ ക്രൈസ്തവദർശനം പ്രചരിപ്പിക്കുവാൻ അദ്ദേഹം അഭ്യർത്ഥിച്ചു. ക്രിസ്തുവിന്റെ ജീവിതമാതൃക മിഷണറിമാരും ക്രസ്തുമതസ്ഥരും ഉൾക്കൊള്ളണമെന്ന് പ്രബോധിപ്പിച്ച അദ്ദേഹം “നിങ്ങൾ ക്രിസ്തുവിലേക്കു മടങ്ങുക” എന്നാണ് അമേരിക്കയിലെ ക്രിസ്ത്യാനികളോട് ആഹ്വാനം ചെയ്തത്.

## ഭാരതത്തിന്റെ അപ്പൊസ്തലനായ സാധു സുന്ദർസിംഗ്

ഭാരതത്തിൽ ക്രിസ്തുവിനെ പ്രസംഗിച്ചുകൊണ്ട് രക്ഷയുടെ ഏകമാർഗ്ഗം ക്രിസ്തുമാത്രമെന്ന് സ്വന്തം അനുഭവത്തിലൂടെ വിളിച്ചറിയിച്ചുകൊണ്ട് ക്രിസ്തുവിനായി കഷ്ടം സഹിച്ച ഭാരതത്തിലെ തന്നെ മിഷണറിവര്യനായിരുന്നു സാധുസുന്ദർസിംഗ്. ക്രിസ്തുവിന്റെ സ്നേഹവും ശ്രേഷ്ഠതയും ഭാരതത്തിൽ ഉയർത്തുവാൻ ത്യാഗപൂർണ്ണമായി അദ്ദേഹം നൽകിയ സംഭാവനകൾക്ക് “ഭാരതത്തിന്റെ അപ്പൊസ്തലൻ” “ഭാരതീയനായ അപ്പൊസ്തലൻ” എന്നീ വിശേഷങ്ങൾ അദ്ദേഹത്തിന് നന്നേ യോജിക്കുന്നു.

പഞ്ചാബിലെ റാംപൂരിലുള്ള ഒരു സമ്പന്ന സിക്കു കുടുംബത്തിൽ 1889 സെപ്തംബർ 3-ാം തീയതി സുന്ദർസിംഗ് ജനിച്ചു. ഗുരുനാനാക്കിന്റെ ഉപദേശങ്ങൾ അനുസരിച്ച് ജീവിച്ചു വന്ന കടുത്ത സിക്കുമതഭക്തനായിരുന്നു പിതാവായ ഷെർസിംഗ്. മാതാവ് കറകളഞ്ഞ ഹിന്ദുഭക്തയും. മാതാപിതാക്കളുടെ പാരമ്പര്യങ്ങൾ അനുസരിച്ചുള്ള അച്ചടക്കത്തോടുകൂടിയ മതപ്രബോധനം സുന്ദർസിംഗിന് കൊച്ചുപ്രായം മുതൽ തന്നെ ലഭിച്ചതിനാൽ സുന്ദർസിംഗ് ഒരു തീവ്ര സിക്കുമത വിശ്വാസിയായി വളർന്നു. കാശിനാഥ് എന്ന മതപണ്ഡിതന്റെ ശിക്ഷണത്തിൽ സിക്കുമതഗ്രന്ഥങ്ങൾ അഭ്യസിച്ചു.

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ക്രിസ്ത്യാനികളോടും അവരുടെ വേദഗ്രന്ഥമായ ബൈബിളിനോടും വിദ്വേഷം വർദ്ധിച്ചതിനാൽ മിഷൻസ്കൂളിലെ പഠനം അവസാനിപ്പിച്ച് സർക്കാർ സ്കൂളിൽ ചേർന്നു പഠിച്ചു. വായിക്കുവാൻ ആരോ നല്കിയ ബൈബിൾ വലിച്ചുകീറി തീ കത്തിച്ചു. തുടർന്നു ജീവിതത്തിൽനേരിട്ട അസമാധാനവും പ്രശ്നങ്ങളും കുടുംബത്തിൽ അടുത്തടുത്തുണ്ടായ മരണങ്ങളും ആ യുവാവിനെ ആകെ തളർത്തി. പൂർണ്ണനിരാശനും ദു:ഖിതനുമായി താൻ മാറി. ഈശ്വരവിശ്വാസി ആയിരുന്നെങ്കിലും ഈ പ്രശ്നങ്ങൾ തന്നെ ഉലച്ചപ്പോൾ ‘ഈശ്വരൻ ഉണ്ടോ’ എന്നൊരു സംശയം തന്റെ മനസ്സിൽ ഉയർന്നു. ഈശ്വരൻ ഉണ്ടെങ്കിൽ എവിടെ? ജീവിതത്തിൽ പ്രശ്നങ്ങളാൽ വലഞ്ഞപ്പോൾ ജീവിക്കണമെന്നുള്ള ആശ നഷ്ടപ്പെട്ടു. താൻ വിളിച്ചപേക്ഷിച്ച ഈശ്വരന്മാർക്കൊന്നും തന്റെ പ്രശ്നത്തിന് പരിഹാരം നല്കുവാനായില്ല. അറിയാവുന്ന മതമന്ത്രങ്ങളെല്ലാം ചൊല്ലി നോക്കി. എല്ലാം നിരർത്ഥകങ്ങളായി. എവിടെ ഈശ്വരൻ? “ഈശ്വരൻ ഉണ്ടെങ്കിൽ എനിക്കു കാണണം. അല്ലെങ്കിൽ ഈ ജീവിതം ഞാൻ അവസാനിപ്പിക്കും”. സുന്ദർസിംഗ് ദൃഢനിശ്ചയം ചെയ്തു. തന്റെ പ്രശ്നങ്ങളിൽനിന്നും സമാധാനം നല്കി തന്നെ രക്ഷിക്കുവാൻ കഴിവുള്ള ഈശ്വരനെ കണ്ടെത്തുവാൻ കഴിഞ്ഞില്ലെങ്കിൽ അന്നു പ്രഭാതത്തിൽ ജീവിതം അവസാനിപ്പിക്കണം.

പ്രഭാതത്തിൽ വളരെ നേരത്തെ തന്നെ കുളിച്ച് പൂജാമുറിയിൽ കയറി പൂജയിലും ധ്യാനത്തിലും നിരതനായി. ജീവിക്കുന്ന ഒരു ഈശ്വരനുണ്ടെങ്കിൽ തന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് തന്റെ പ്രശ്നങ്ങൾക്കു പരിഹാരം നല്കണം. മണിക്കൂറുകൾ കഴിഞ്ഞു ഇല്ല ഈശ്വരൻ ഇല്ല – ആ യുവാവിന്റെ മനസ്സ് പറഞ്ഞു. അദ്ദേഹം ധ്യാനത്തിൽ നിന്നും എഴുന്നേറ്റു. ആത്മഹത്യ ചെയ്യുവാനുറച്ച് ഒരുക്കങ്ങൾ ചെയ്തു. പുറത്ത് നല്ല ഇരുട്ട്. ഹൃദയത്തിന്റെ ആഴത്തിൽ നിന്നുയരുന്ന ഉത്തരമില്ലാത്ത ഒരായിരം ചോദ്യങ്ങൾ തന്നെ അസ്വസ്ഥനാക്കി. പെട്ടെന്ന് തന്റെ പൂജാമുറി വലിയ പ്രകാശത്താൽ നിറഞ്ഞു. ആ പ്രകാശത്തിന്റെ മദ്ധ്യത്തിൽ തെളിഞ്ഞു നിന്ന ക്രിസ്തുവിന്റെ രൂപം സുന്ദർസിംഗ് സൂക്ഷിച്ചുനോക്കി. തന്റെ ചോദ്യങ്ങൾക്കുത്തരം ലഭിച്ചു. അതേ ഈശ്വരൻ ഉണ്ട്. ‘ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു’ എന്നു പ്രസ്താവിച്ച യേശുവിന്റെ ദർശനം തന്റെ മനസ്സിലെ ഇരുളിനെ എന്നെന്നേക്കുമായി അകറ്റി. ആന്തരിക പരിവർത്തനത്തിനു വിധേയനായ സുന്ദർസിംഗ് ക്രിസ്തുവിൽ ഒരു പുതിയ മനുഷ്യനായി. 1904 ഡിസംബർ 18 നുണ്ടായ ക്രിസ്തുദർശനം അദ്ദേഹത്തെ ക്രിസ്തുവിന്റെ ശിഷ്യനാക്കി മാറ്റി.

എന്നാൽ തന്റെ മകൻ ക്രിസ്തുശിഷ്യനായിത്തീർന്നത് സിക്കുമതഭക്തനായ പിതാവിന് അംഗീകരിക്കുവാൻ കഴിഞ്ഞില്ല. തന്റെ മകൻ ക്രിസ്തുവിരോധിയാണെന്നും, ബൈബിൾ വലിച്ചുകീറികത്തിച്ചുകളഞ്ഞെന്നും അദ്ദേഹത്തിനറിയാം. എന്നാൽ ഒരു മിഷണറിയും അവനെ സമീപിക്കാതെ പെട്ടെന്ന് ക്രിസ്തുദർശനത്താൽ അവനുണ്ടായ മാറ്റം അദ്ദേഹത്തിന് നിഷേധിക്കുവാൻ കഴിഞ്ഞില്ല. എങ്കിലും സിക്ക് പാരമ്പര്യമനുസരിച്ച് മകൻ ക്രിസ്ത്യാനിയായിരിക്കുന്നത് അപമാനമായി മാറി. മകനെ പിന്തിരിപ്പിക്കുവാൻ അദ്ദേഹം ആവുന്നത്ര ശ്രമിച്ചു. പക്ഷേ താൻ പ്രാപിച്ച ദർശനത്തിൽ നിന്നും പിന്മാറുവാൻ സുന്ദർ സിംഗിനായില്ല. “നിനക്കു ഭ്രാന്താണ്, ഇറങ്ങുപുറത്ത്, നിന്റെ യേശുവിനേയും കൊണ്ട് പുറത്തു പോകുക”. പിതാവ് പൊട്ടിത്തെറിച്ചു. സ്വന്തം വീട് വിട്ട് സുന്ദർസിംഗ് 1905 സെപ്തംബർ 3-ാം തീയതി സിംലയിലെ സെന്റ് ജോൺസ് ആംഗ്ലിക്കൻ ചാപ്പലിൽ റവ. റെഡ്മേന്റെ കൈക്കീഴിൽ പതിനാറു വയസ്സ് പൂർത്തിയാകുന്ന ദിവസം സ്നാനം ഏറ്റു.

തുടർന്ന് ദൈവവചനം പഠിക്കുവാൻ ലാഹോറിലെ ആംഗ്ലിക്കൻ സെമിനാരിയിൽ ചേർന്നു. ഒരിക്കൽ കത്തിച്ച ബൈബിൾ പിന്നീട് അദ്ദേഹത്തിന് ജീവവചനമായിമാറി. അദ്ദേഹം പ്രേഷിതപ്രവർത്തി ആരംഭിച്ചു. ഒരു ഭാരതീയ സന്യാസിയായി നാടൊട്ടുക്ക് സഞ്ചരിച്ച അദ്ദേഹം യേശുക്രിസ്തു ജീവിക്കുന്ന ദൈവമെന്ന് സധൈര്യം ഘോഷിച്ചു. കടുത്ത പീഡനങ്ങളും പ്രതിസന്ധികളും അവഗണിച്ചുകൊണ്ട് അദ്ദേഹം പഞ്ചാബിലെ ഗ്രാമങ്ങളിലും, ടിബറ്റിലും ലോകത്തിന്റെ വിവിധഭാഗങ്ങളിലും ക്രിസ്തുവിന്റെ സുവിശേഷം ഘോഷിച്ചു. സന്യാസജീവിതം തെരഞ്ഞെടുത്ത അദ്ദേഹം സാധുസുന്ദർസിംഗ് എന്നറിയപ്പെട്ടു. ആയിരങ്ങൾ പതിനായിരങ്ങൾ സാധുവിലൂടെ ക്രിസ്തുവിന്റെ ശബ്ദം കേട്ടു.

1929 ഏപ്രിൽ 18-ാം തീയതി ടിബറ്റിലേക്കു പോകുന്നു എന്നറിയിച്ചുകൊണ്ടുള്ള ഒരു കത്ത് സുന്ദർസിംഗ് റവ. റിഡിലിന് എഴുതി. എന്നാൽ അതിനുശേഷം ഈ മിഷണറിവര്യനെക്കുറിച്ചുള്ള ഒരു വിവരവും ആർക്കും ലഭിച്ചിട്ടില്ല. അദ്ദേഹത്തെ അന്വേഷിച്ചു പോയവർക്ക് ഹിമാലയപാതയിലൂടെ അധികം മുമ്പോട്ടു പോകുവാൻ കഴിഞ്ഞില്ല. മഞ്ഞുമൂടിയ ഹിമാലയ പാതയിൽ എവിടെയോ വച്ച് ആ സാധു താൻ ഗുരുവായും കർത്താവായും സ്വീകരിച്ച ക്രിസ്തുവിനോട് ചേർന്നുവെന്ന് അനുമാനിക്കപ്പെടുന്നു. അദ്ദേഹം ഒരു മെഴുകുതിരിപോലെ ക്രിസ്തുവിനുവേണ്ടി എരിഞ്ഞവസാനിച്ചു. വിനയവും, ത്യാഗവും, സൗമ്യതയും, ലാളിത്യവും, ഭക്തിയും വ്യക്തിമുദ്രയാക്കിയ അദ്ദേഹത്തിന്റെ ജിവിതശൈലി അനേകായിരങ്ങളെ ക്രിസ്തുവിലേക്കാകർഷിച്ചു. ആത്മാവിനാലും ദൈവസ്നേഹത്താലും അദ്ദേഹം നിറയപ്പെട്ടിരുന്നു. ഇംഗ്ലണ്ട്, ആസ്ട്രേലിയ, അമേരിക്ക, ഫ്രാൻസ്, ജപ്പാൻ, ചൈനാ, ജർമ്മനി, ഹോളണ്ട്, സ്വിറ്റ്സർലണ്ട് എന്നീ പാശ്ചാത്യ പൗരസ്ത്യ രാജ്യങ്ങളിൽ അദ്ദേഹം ക്രിസ്തുവിനെ പ്രഘോഷിച്ചു. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും കേരളത്തിലും അദ്ദേഹം ക്രിസ്തുവിന്റെ സുവിശേഷം അറിയിച്ചു. ശ്രീമൂലം തിരുനാൾ മഹാരാജാവ് തിരുവനന്തപുരത്ത് തന്റെ കൊട്ടാരത്തിൽ അദ്ദേഹത്തെ സ്വീകരിച്ച് ആദരിച്ചു. ടാഗോർ, മഹാത്മാഗാന്ധി, സി.എഫ്. ആൻഡ്രൂസ്, ബാറൺ വോൺ തുടങ്ങി നിരവധി പ്രമുഖരുടെ സ്നേഹാദരവ് അദ്ദേഹത്തിന് ലഭിച്ചു. തന്റെ ചരിത്രം എഴുതിയ ബിഷപ്പ് എ.ജെ. അപ്പാസ്വാമി, സുന്ദർസിംഗ് 1929-ൽ 40-താമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. തികഞ്ഞ യൗവനപ്രായത്തിൽ മരിച്ചുവെങ്കിലും ക്രിസ്തുവിനുവേണ്ടി ഇത്രമാത്രം സാക്ഷ്യം വഹിച്ച മറ്റൊരു ഭാരതീയ മിഷണറി വീരൻ ഇല്ലതന്നെ. ഒരു “പുതപ്പും ബൈബിളും” അതുമാത്രമായിരുന്നു സാധുവിന്റെ സമ്പത്ത്.

**(തുടരും)**

**ബൈബിൾ പഠനക്വിസ് – 83**



# ബൈബിളിലെ ബൈബിൾ
# യെശയ്യാ പ്രവചനം

*ഡോ. റ്റി.സി. കിഷോർ മോഹൻ*

**വി**ശുദ്ധവേദപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 17 പ്രവചന പുസ്തകങ്ങളിൽ ഏറ്റവും പ്രാധാന്യ മർഹിക്കുന്ന ഒന്നാണ് യെശയ്യാ പ്രവാചകന്റെ പുസ്തകം. ഇയ്യോബു മുതൽ ഉത്തമഗീതം വരെയുള്ള കാവ്യഗ്രന്ഥങ്ങൾ യിസ്രായേൽ ജനതയുടെ സുവർണ്ണ കാലഘട്ടത്തിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ യെശയ്യാവു മുതൽ മലാഖി വരെയുള്ള ഗ്രന്ഥങ്ങൾ യിസ്രായേലിന്റെ ഇരുണ്ട കാലഘട്ടത്തെയാണ് സൂചിപ്പിക്കുന്നത്. തുടക്കത്തിൽ ഏകരാഷ്ട്രമായിരുന്ന ദൈവജനം കാലാന്തരത്തിൽ വടക്ക് യിസ്രായേൽ എന്നും തെക്ക് യെഹൂദയെന്നും രണ്ടു രാഷ്ട്രങ്ങളായി വിഭജിക്കപ്പെടുന്നു. ക്രമേണ ദൈവസന്നിധി വിട്ടകന്ന് വിഗ്രഹാരാധനയിൽ മുഴുകി മ്ലേച്ഛമായ ജീവിതം നയിക്കുന്ന ഒരു ജനതയെയാണ് നാം ബൈബിളിൽ ദർശിക്കുന്നത്. ഈ അവസരത്തിലാണ് കരുണാമയനായ ദൈവം പ്രവാചകന്മാരെ അയച്ച് തന്റെ ജനത്തോട് സംസാരിക്കുന്നത്. ബി.സി. 9-ാം നൂറ്റാണ്ടിനും 4-ാം നൂറ്റാണ്ടിനുമിടയിലുള്ള കാലഘട്ടത്തെയാണ് പ്രവാചകന്മാരുടെ കാലം എന്നു വിശേഷിപ്പിച്ചിട്ടുള്ളത്. പഴയനിയമകാലത്തിലെ അവസാനത്തെ പ്രവാചകനായ മലാഖി (ബി.സി 4-ാം നൂറ്റാണ്ട്) യ്ക്കുശേഷം യോഹന്നാൻ സ്നാപകൻ വരെയുള്ള ഏതാണ്ട് 300 വർഷക്കാലം ഏതെങ്കിലും പ്രവാചകന്മാരെ ദൈവം അയച്ചിരുന്നതായി ബൈബിളിൽ ഒരിടത്തും രേഖപ്പെടുത്തി കാണുന്നില്ല. ഇടയനിൽ നിന്നും തെറ്റിചിതറിപ്പോയ ആട്ടിൻകൂട്ടത്തിന്റെ അവസ്ഥയിലായിരിക്കുന്ന ദൈവത്തിന്റെ സ്വന്തം ജനമായ യിസ്രായേലിനെ വീണ്ടും ദൈവത്തോടു അടുപ്പിക്കുക മശിഹായിലൂടെ വെളിപ്പെടുവാൻ പോകുന്ന ദൈവത്തിന്റെ രക്ഷയെ പ്രസ്താവിക്കുക എന്നീ ലക്ഷ്യങ്ങളെ മുൻനിറുത്തി യെശയ്യാവ് എന്ന പ്രവാചകൻ രചിച്ച ഗ്രന്ഥത്തെ ആസ്പദമാക്കിയാണ് ഈ ലക്കത്തിലെ ബൈബിൾ പഠനക്വിസ് തയ്യാറാക്കിയിട്ടുള്ളത്.

ഗദ്യത്തോടൊപ്പം പദ്യശകലങ്ങളും കൂട്ടിയിണക്കി രചിച്ചിരിക്കുന്ന ഈ മഹത്ഗ്രന്ഥത്തിൽ രണ്ടുതരത്തിലുള്ള പ്രവചനങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അവയിൽ ചിലത് സമീപഭാവിയിൽ സംഭവിക്കാവുന്നതും മറ്റുള്ളവ അനന്തവിദൂര ഭാവിയിൽ സംഭവിക്കാവുന്നതുമാണ്. ആകെ 66 അദ്ധ്യായങ്ങളുള്ള ഈ മഹത്ഗ്രന്ഥത്തിന് പല സവിശേഷതകളുമുണ്ട്. ബൈബിളിന്റെ സന്ദേശം മുഴുവൻ ഉൾക്കൊള്ളുന്നതു കൊണ്ട് ഈ പുസ്തകത്തെ ബൈബിളിനുള്ളിലെ മറ്റൊരു ചെറിയ ബൈബിളായി കരുതുന്നതിൽ തെറ്റില്ല. ഇതിലെ 66 അദ്ധ്യായങ്ങളെ ബൈബിളിലെ 66 പുസ്തകങ്ങളോടു താരതമ്യം ചെയ്യുമ്പോൾ കൗതുകകരമായ പല വസ്തുതകളും വെളിപ്പെട്ടു വരുന്നതായി കാണാം. അധാർമ്മികതയിലും വിഗ്രഹാരാധനയിലും മുഴുകി മ്ലേച്ഛ ജീവിതം നയിക്കുന്ന യിസ്രായേൽ ജനതയ്ക്ക് നേരിടേണ്ടി വരുന്ന ദൈവത്തിന്റെ ന്യായവിധിയെക്കുറിച്ചാണ് 1 മുതൽ 39 വരെയുള്ള അധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നത്. കർത്താവും രക്ഷിതാവുമായ മശിഹായെക്കുറിച്ചുള്ള ചില സൂചനകൾ 34, 35 അദ്ധ്യായങ്ങളിൽ കാണുന്നുണ്ടെങ്കിലും യേശുക്രിസ്തു എന്ന വ്യക്തിയെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും വളരെ വിശദമായി പ്രതിപാദിച്ചു കാണുന്നത് 40 മുതൽ 66 വരെയുള്ള അദ്ധ്യായങ്ങളിലാണ്. ഈ ഭാഗത്തെ പുതിയനിയമത്തിനു തുല്യമായി കണക്കാക്കാം. പുതിയ നിയമത്തിലെ ആദ്യ പുസ്തകങ്ങളിൽ കാണുന്നതുപോലെ മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദത്തോടെയാണ് ഇതിലെ 40-ാം അദ്ധ്യായവും ആരംഭിക്കുന്നത്. വെളിപ്പാടിൽ രേഖപ്പെടുത്തിക്കാണുന്ന പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടേയും വിവരണത്തോടെയാണ് 66-ാം അദ്ധ്യായം അവസാനിക്കുന്നത്. യെശയ്യാവിന്റെ പ്രവചനകാലം ഏകദേശം 60 വർഷമാണെന്ന് കണക്കാക്കപ്പെടുന്നു. ഈ കാലയളവിൽ ഉസ്സിയാവ്, യോഥാം, ആഹാസ്, ഹിസ്കിയാവ് എന്നീ നാലു രാജാക്കന്മാർ യെഹൂദാ രാജ്യം ഭരിച്ചിരുന്നു. യെശയ്യാവ് എന്ന പദത്തിന്റെ അർത്ഥം തന്നെ 'യഹോവ തന്നെ രക്ഷ' എന്നതാണ്. മറ്റൊരുത്തനിലും രക്ഷയില്ല ആകാശത്തിൻ കീഴേ ഭൂമിയ്ക്കുമീതെ നൽകപ്പെട്ടിരിക്കുന്ന വേറൊരു നാമവുമില്ല.

യെശയ്യാ പ്രവാചകന്റെ പുസ്തകത്തിലെ 1 മുതൽ 39 വരെയുള്ള അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ ലക്കത്തിലെ ബൈബിൾ ക്വിസ് തയാറാക്കിയിരിക്കുന്നത്. ഓരോ അദ്ധ്യായത്തിലെ ഓരോ വാക്യവും വളരെ ശ്രദ്ധയോടെ വായിച്ച് താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കണ്ടുപിടിച്ചെഴുതുക.

### ചോദ്യങ്ങൾ

1. യെശയ്യാവിന്റെ പിതാവാര്?
2. ആകാശത്തോടും ഭൂമിയോടും തന്റെ മക്കളുടെ അനുസരണക്കേടിനെപ്പറ്റി പറയുന്നതാര്?
3. മുന്തിരത്തോട്ടത്തിലെ കുടിൽ പോലെ ശേഷിച്ചിരിക്കുന്നവൾ?
4. ദേശത്തിലെ നന്മ അനുഭവിക്കണമെങ്കിൽ ചെയ്യേണ്ടതെന്ത്?
5. അതിക്രമികൾക്കും പാപികൾക്കും സംഭവിക്കാൻ പോകുന്നതെന്ത്?
6. എന്തെല്ലാംകൊണ്ടാണ് കർത്താവ് സീയോൻ പുത്രിമാരുടെ മലിനത നീക്കുന്നത്?
7. സാറാഫിന് ചിറകുകളെത്ര?
8. ഉമ്മറപ്പടികളുടെ അടിസ്ഥാനങ്ങൾ കുലുങ്ങിയതെങ്ങനെ?
9. "ഞാൻ ആരെ അയയ്ക്കേണ്ടു? ആർ നമുക്കുവേണ്ടി പോകും?" ചോദിക്കുന്നതാര്?
10. യെഹൂദാരാജാവായ ആഹാസിന്റെ പിതാവാര്?
11. തിന്മ തള്ളി നന്മ തിരഞ്ഞെടുക്കാൻ പ്രായമാകും വരെ ഇമ്മാനുവേൽ ഭക്ഷിക്കേണ്ടത് എന്തെല്ലാം?
12. ആരുടെ ശേഷിപ്പാണ് വീരനാം ദൈവത്തിലേക്ക് മടങ്ങി വരുന്നത്?
13. ആകാശത്തുനിന്നു വെട്ടേറ്റു നിലത്തു വീണ ശുക്രന്റെ പിതാവാര്?
14. രക്തം കൊണ്ട് നിറഞ്ഞിരിക്കുന്നത് എവിടുത്തെ ജലാശയങ്ങളാണ്?
15. ഒരു ക്രൂരയജമാനന്റെ കയ്യിൽ ഏല്പിക്കുമെന്ന് യഹോവ പറഞ്ഞത് ആരെക്കുറിച്ച്?
16. കാവല്ക്കാരാ രാത്രി എന്തായി? എവിടെ നിന്നും ഉയർന്ന ചോദ്യമാണിത്?
17. വിദ്രുതസർപ്പത്തിന്റെ പേരെന്ത്?
18. ദാവീദ് പാളയമിറങ്ങിയിരുന്ന നഗരമേത്?
19. ആസാഫിന്റെ മകന്റെ പേരെന്ത്?
20. സൻഹേരിബിന്റെ ദേവന്റെ പേരെന്ത്?
21. മുഖം ചുവരിനു നേരെ തിരിച്ചു പ്രാർത്ഥിച്ച രാജാവ്?
22. 'സമാധാനത്തിനായ് എനിക്ക് അത്യന്തം കയ്പായുള്ളത് ഭവിച്ചു.' പറഞ്ഞതാര്?
23; ഹിസ്ക്കിയാവിന്റെ രോഗശമനത്തിനായ് പരുവിന്മേൽ പുരട്ടിയ വസ്തുവേത്?
24. ബാബേൽ രാജാവായ മെരോദക് -ബെലദാന്റെ പിതാവാര്?

### ഉത്തരങ്ങൾ

**1.** യെരുശലേം പുത്രിമാരോട് (1:5) **2.** പ്രിയയെ (ശുലേംകാരി) (1:9) **3.** പ്രിയൻ (1:14) **4.** ഏൻഗെദി (1:14) **5.** പ്രാവിന്റെ കണ്ണ് (1:15) **6.** വീടിന്റെ ഉത്തരം (1:17) **7.** സരളവൃക്ഷം (1:17) **8.** പ്രിയൻ (2:1) **9.** പ്രിയ (2:2) **10.** പ്രിയനെ (2:3) **11.** മുന്തിരിവള്ളി (2:13) **12.** പ്രാവ് (2:14) **13.** കാവല്ക്കാരോട് (3:3) **14.** അറുപത് (3:7) **15.** വെള്ളി (3:10) **16.** ഇരിപ്പിടം (3:10) **17.** ശുലേംകാരിയുടെ തലമുടിയെ (4:1) **18.** അവളുടെ പല്ലുകൾ (4:2) **19.** പ്രിയന്റെ കണ്ണുകൾ (5:12) **20.** പ്രേമത്തെ (8:7)

### കഴിഞ്ഞലക്കം ശരിയുത്തരം അയച്ചവർ

**കുഞ്ഞമ്മ ഡാനിയേൽ**, കൊട്ടാരക്കര; **സാറാമ്മ നൈനാൻ**, പാലക്കാട്; **യലന കെ. ബാബു; സുമിത്ര**, ആര്യനാട്; **ഗ്രേസ് സുമംഗല**, കോഴിക്കോട്; **ചിന്നമ്മ ചെറിയാൻ**, പാലക്കാട്



### പാപവഴിവിട്ട് യേശുവിൻ പിൻപേ

നേപ്പാളിലെ തുളസിഥാപ്പ എന്ന യുവതി ഉത്തരാഖണ്ഡിലെ ഡെറാഡൂണിൽ താമസിക്കുന്നു. 17-ാംമത്തെ വയസ്സു മുതൽ മോശമായ ഒരു ജീവിതമായിരുന്നു ഇവർ നയിച്ചിരുന്നത്. ഉത്തരാഖണ്ഡിലെ മിഷണറി ഗോപാൽ ജീത്തും ഭാര്യയും ഇവരെ കണ്ട് പാപവിമോചകനായ യേശുവിനെപ്പറ്റി പറഞ്ഞു. വചനം ശ്രദ്ധിച്ച് കേട്ട അവർ തുടർച്ചയായി കൂട്ടായ്മയിൽ വരാൻ തുടങ്ങി. തന്റെ പാപപ്രവർത്തികൾ എല്ലാം ഏറ്റുപറഞ്ഞു പ്രാർത്ഥിച്ച ഇവർ ഇനിമുതൽ ദൈവപൈതലായി ജീവിക്കുമെന്ന് സാക്ഷ്യം പ്രസ്താവിച്ചു.



### പക്ഷവാതരോഗിക്ക് സൗഖ്യം

പശ്ചിമബംഗാളിലെ ബാലൂർനാട്ടിൽ പൂർണ്ണിമ ഉറാവൊ എന്ന സ്ത്രീ കഴിഞ്ഞ 3 വർഷമായി പക്ഷവാത രോഗിയായി കിടപ്പിൽ ആയിരുന്നു. ജി.എം.ഐ. മിഷണറി മിലൻ ഉറാവോയും കൂട്ടരും ആ ഭവനത്തിൽ കടന്നുചെന്ന് അവർക്കു വേണ്ടി പ്രാർത്ഥിച്ചു. പെട്ടെന്ന് തന്നെ എഴുന്നേറ്റ് ഇരുന്ന് ആഹാരം കഴിക്കുവാനും നല്ലരീതിയിൽ സംസാരിക്കുവാനും തുടങ്ങി. ഇത് കണ്ട് ആ കുടുംബത്തിലെ നാലുപേർ യേശുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചു. ഇപ്പോൾ ഇവരുടെ വീട്ടിൽവച്ച് ആഴ്ചയിൽ ഒരു ദിവസം കൂട്ടായ്മ നടത്തിവരുന്നു.

# സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ സുവിശേഷകൻ റവ. ഡോ. ജോൺ സ്റ്റോട്ട് നിത്യതയിൽ



'ഇവാഞ്ചലിക്കൽ മാർപാപ്പ'എന്ന് വിശേഷിപ്പിക്കപ്പെട്ടതും, സുപ്രസിദ്ധ ദൈവ ശാസ്ത്രജ്ഞനും, ആനുകാലിക ക്രിസ്തു സഭയിൽ ആദരണീയനും, സർവ്വസമ്മതനും, പ്രഗൽഭ വാഗ്മിയും, എഴുത്തുകാരനും ബ്രിട്ടീഷ് രാജ്ഞിയുടെ ചാപ്ലിനുമായിരുന്ന ജോൺ സ്റ്റോട്ട് എന്നറിയപ്പെട്ടിരുന്ന റവ. ഡോ. ജോൺ റോബർട്ട് വാംസ്ലി സ്റ്റോട്ട് 2011 ജൂലൈ മാസം 27-ാം തീയതി താൻ പ്രിയം വച്ച തന്റെ രക്ഷകന്റെ സന്നിധിയി ലേക്ക് എടുക്കപ്പെട്ടു. മാരാമൺ കൺവെൻഷൻ പ്രാസംഗികൻ എന്ന നില യിൽ അദ്ദേഹം മലയാളി ക്രൈസ്തവർക്കും സുപരിചിതനായൊരു വ്യക്തിയായിരുന്നു. സങ്കീർണ്ണമായ ദൈവ ശാസ്ത്രം സാധാരണ വിശ്വാസിക്ക് മനസിലാക്കാൻ സാധിക്കുന്ന രീതിയിൽ വിശദീകരിക്കുവാനുള്ള അദ്ദേഹ ത്തിന്റെ കഴിവ് എടുത്തുപറയേണ്ടതാണ്. ദൈവശാസ്ത്രത്തിൽ 50 - ലധികം പുസ്ത കങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 'ബേസിക് ക്രിസ്ത്യാനിറ്റി, 'ദി ക്രോസ് ഒഫ് ക്രൈസ്റ്റ്', 'ഇവാഞ്ചലിക്കൽ ട്രൂത്ത്', 'എസ്സൻഷ്യൽസ്' എന്നിവയാണ് അതിൽ പ്രാധാന്യമർഹിക്കു ന്നതിൽ ചിലത്. 2-ാം ലോകമഹായുദ്ധത്തി നുശേഷം സഭാ നവീകരണവുമായി ബന്ധ പ്പെട്ട് "ലുസാന്യ ഉടമ്പടി"(LAUSANNE COVENANT) യുടെ പ്രധാന ശില്പികളിൽ ഒരാളായിരുന്നു ഡോ. ജോൺ സ്റ്റോട്ട്.

1921 ഏപ്രിൽ മാസം 27-ാം തീയതി ലണ്ടനിൽ ജനിച്ച ഡോ. ജോൺസ്റ്റോട്ട് 17 -ാം വയസിൽ യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച് ദൈവ വേലക്കായി സമർപ്പിക്കു കയും അവിവാഹിതനായിരുന്ന് ജീവിതകാ ലന്ത്യം വരെയും വിവിധ നിലകളിൽ ദൈവ വേലയിൽ വ്യാപൃതനായി ദൈവം തന്നെ ഏല്പിച്ച ശുശ്രൂഷ വിശ്വസ്തതയോടെ നിർവ്വഹിച്ചു. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി യിൽ നിന്നും ബിരുദവും, ദൈവശാസ്ത്ര ത്തിൽ ബിരുദവും കരസ്ഥമാക്കി 1945 -ൽ ലണ്ടൻ ലാജ്ഹാം കൊട്ടരത്തിനോടു ചേർന്നുള്ള "ആൾസോൾസ് ചർച്ചിൽ അസി സ്റ്റന്റ് പാസ്റ്ററായി തന്റെ സുവിശേഷ ദൗത്യം ആരംഭിച്ചു. 1959 -ൽ എലിസബത്ത് രാജ്ഞിയുടെ ചാപ്ലെയിനായി നിയമിതനായ ഡോ. ജോൺസ്റ്റോട്ട് വിവിധ നിലകളിൽ പ്രാഗൽഭ്യം പ്രകാശിപ്പിച്ച വ്യക്തിത്വമായിരുന്നു. 2005 -ൽ പ്രസിദ്ധമായ 'ടൈം' മാസിക ലോകത്തിലെ ഏറ്റവും സ്വാധീനമുള്ള 100 വ്യക്തികളിൽ ഒരാളായി ഡോ. ജോൺ സ്റ്റോട്ടിനെ തിരഞ്ഞെടുത്തു. വികസ്വര രാജ്യങ്ങളിൽ ക്രൈസ്തവ നേതൃത്വത്തിലേക്ക് വ്കതികളെ വാർത്തെടുക്കുന്നതിലും അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. ലാംഗാം പാർട്ണർഷിപ്പ് ഇന്റർനാഷണൽ എന്ന പേരിൽ 1974 ൽ അദ്ദേഹം തന്നെ ശുശ്രൂഷയെ സ്ഥാപിച്ചു. 1982-ൽ അദ്ദേഹം തന്നെ സ്ഥാപിച്ച ലണ്ടൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോണ്ടെംപററി ക്രിസ്ത്യാനിറ്റിയുടെ ഓണററി പ്രസിഡന്റായും മരിക്കുന്നതുവരെയും അദ്ദേഹം സേവനമനുഷ്ഠിച്ചു. 2007 ഏപ്രിലിൽ തന്റെ 86-ാംമത്തെ വയസ്സിൽ പരസ്യശുശ്രൂഷകളിൽ നിന്ന് വിരമിക്കുന്നതായി അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. അതിനുശേഷം ലിങ്ഫീൽഡിലെ ദ കോളേജ് ഒഫ് സെന്റ് ബർണബാസിൽ ആയിരുന്നു താമസം.

മരണദിവസം ഉച്ചയ്ക്കുശേഷം 3.15 ന് തന്റെ കുടുംബാംഗങ്ങളും ഏറ്റവുമടുത്ത സുഹൃത്തുക്കളും പ്രാർത്ഥനയോടെ കൂടി നിൽക്കുകയായിരുന്നു. തന്റെ സുഹൃത്തുക്കൾ ഉറക്കെ ബൈബിൾ വായിച്ചുകൊണ്ടിരുന്നു. വളരെ സമാധാനപൂർവ്വം തന്റെ സ്വന്തം നാട്ടിലേക്ക് പറന്നകന്നു. "സുവിശേഷ ലോകത്തിലെ ഒരു മഹാനായ പ്രതിഭയെയാണ് നഷ്ടപ്പെട്ടിരിക്കുന്നത്. എന്റെ ഏറ്റവും അടുത്ത ഉപദേഷ്ടാക്കന്മാരിലും കൂട്ടുകാരിലും ഒരാളിനെ എനിക്കും നഷ്ടപ്പെട്ടിരിക്കുന്നു. ഞാൻ സ്വർഗ്ഗത്തിലേക്കുപോകുമ്പോൾ അവിടെവച്ച് അദ്ദേഹത്തെ മുഖാമുഖം കാണാം എന്നാശിക്കുന്നു" എന്നാണ് ഡോ. സ്റ്റോട്ടിന്റെ മരണത്തെക്കുറിച്ച് ഡോ. ബില്ലി ഗ്രഹാം അഭിപ്രായപ്പെട്ടത്. "ലോകമെമ്പാടുമുള്ള ക്രൈസ്തവർ ജോൺസ്റ്റോട്ടിന്റെ മരണത്തെക്കുറിച്ച് ദു:ഖിക്കുന്നു. വ്യക്തിപരമായും തന്റെ പുസ്തകത്തിലൂടെയും സഹസ്രഹൃദയങ്ങളെ പ്രചോദിപ്പിക്കുവാൻ സ്റ്റോട്ടിന് കഴിഞ്ഞിട്ടുണ്ട്. ആഴമായ സൗമ്യതയുടെ ഉടമ, സുശക്തനായ ആശയവിനിമയകർത്താവ്, കഴിവുറ്റ കൗൺസിലർ, സുവിശേഷവിശ്വാസത്തിൽ സന്ധിയില്ലാതെ പോരാടിയ സുവിശേഷകൻ, സമഗ്രപ്രേക്ഷിതദൗത്യത്തിന് ക്രിസ്തുവിന്റെ സുവിശേഷവും ജീവിതവും പ്രസംഗിച്ച വാഗ്മി എന്ന നിലയിലൊക്കെ ഡോ. സ്റ്റോട്ടിനെ കാണാൻ കഴിയും. ഇരുപതാം നൂറ്റാണ്ടിന്റെ സഭാചരിത്രം എഴുതുമ്പോൾ ജോൺ സ്റ്റോർട്ടിനെ കൂടാതെയുള്ള ഒരു സഭാചരിത്രം ഉണ്ടായിരിക്കുകയില്ല. അദ്ദേഹത്തിന്റെ സംഭാവനകൾ ഇരുപത്തൊന്നാം നൂറ്റാണ്ടുവരെയും എത്തിച്ചേർന്നു" എന്നാണ് കാന്റൻബറി ആർച്ച് ബിഷപ്പ് റോവൻ വില്യംസ് അഭിപ്രായപ്പെട്ടത്. ലോകമെമ്പാടുമുള്ള സാധാരണ ജനങ്ങൾക്ക് അദ്ദേഹം 'അങ്കിൾ ജോൺ' ആയിരുന്നു. വളരെ സ്നേഹിച്ച കൂട്ടുകാരൻ, സഹോദരൻ, പിതാവ്.

മോശയെപ്പോലെ ദൈവം ലോകത്തിനു നൽകിയ ശ്രേഷ്ഠനായ നേതാക്കളിൽ ഒരാളായിരുന്നു അദ്ദേഹം. "യേശുവിന്റെ മനോഹരത്വത്തിന്റെ ചലിക്കുന്ന ഒരു രൂപമായിരുന്നു ഡോ. ജോൺ സ്റ്റോട്ട്" എന്ന് സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ ക്രിസ് റൈറ്റ് അഭിപ്രായപ്പെട്ടു. ആഗസ്റ്റ് 8-ാം തീയതി ആൾ സോൾസ് ചർച്ചിൽ അദ്ദേഹത്തിന്റെ ഭൗതീക ശരീരം സംസ്കരിക്കപ്പെട്ടു. ✷

## യേശു ജീവിക്കുന്നു മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ എന്ന മിഷണറി പ്രവർത്തനത്തിന്റെ മുഖപത്രമായിട്ടാണ് കഴിഞ്ഞ 25 വർഷമായി (1986 മുതൽ) യേശു ജീവിക്കുന്നു മാസിക നടത്തിവരുന്നത്. ജി.എം.ഐയിലൂടെ നടക്കുന്ന ദൈവശുശ്രൂഷകളെ പരിചയപ്പെടുത്തി പ്രാർത്ഥനാപങ്കാളികളെയും, സഹകാരികളെയും ഒരുക്കുവാൻ വേണ്ടിയാണ് ഈ മാസിക നടത്തുന്നത്. അതുകൊണ്ട് ഈ മാസിക ലഭിക്കുന്ന എല്ലാ പ്രിയപ്പെട്ട വായനക്കാരും ജി.എം.ഐയ്ക്കായി പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുന്നു. മാസിക ആവശ്യമുള്ളവരുടെ മേൽവിലാസം അയച്ചു തന്നാൽ അവർക്ക് സൗജന്യമായി മാസിക അയച്ചുകൊടുക്കുന്നതാണ്. എന്നാൽ സ്ഥിരമായി മാസിക ലഭിക്കുന്നവർ ജി.എം.ഐയുടെ മിഷണറി വേലകൾക്കായി നിങ്ങളാലാവോളം സംഭാവനകൾ നൽകി ദൈവവേലയെ താങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു. മാസിക പിഡിഎഫ് ഫോർമാറ്റിൽ വെബ്സെറ്റിലും വായിക്കാവുന്നതാണ്. www.graceindia.in

**Grace Ministries of India**
Nanthencode, Kowdiar P.O
Thiruvananthapuram - 695 003
Kerala

## ഗ്രാമങ്ങളിൽ സഭാഹാളുകൾ ഉണ്ടാകുവാൻ പ്രാർത്ഥിക്കുമോ?



ജി.എം.ഐയുടെ മിഷൻ സ്റ്റേഷനുകളുള്ള ഗ്രാമങ്ങളിൽ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് വിശ്വാസത്തിലേക്ക് വരുന്നവർക്ക് ദൈവത്തെ ആരാധിക്കുവാനും കൂട്ടായ്മയ്ക്കായും സഭാഹാളുകൾ പണിയേണ്ടത് അത്യാവശ്യമായിരിക്കുന്നു. 16 സംസ്ഥാനങ്ങളിലും, നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നീ അയൽരാജ്യങ്ങളിലും ജി. എം.ഐ മിഷണറിമാർ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥലങ്ങളിൽ ഗ്രാമീണ രീതിയിലുള്ള സഭാഹാളുകൾ ഉണ്ടാകുവാൻ പ്രാർത്ഥിക്കാം. ചില സ്ഥലങ്ങളിൽ ക്രിസ്തീയ ചർച്ചിന്റെ മാതൃകയിൽ പണിയാൻ അനുമതി നിഷേധിക്കപ്പെടുന്നുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഒരു വീട് പോലെ ഇതു പണിയപ്പെടുന്നു. ജനങ്ങൾക്ക് കൂടിവരുവാൻ ഒരു ഹാളും, മിഷണറിക്ക് താമസിക്കുവാനുള്ള അടിസ്ഥാന സൗകര്യങ്ങളും (ഒരു മുറി, അടുക്കള, ഒരു ചെറിയ വരാന്ത) പണിയുവാനായുള്ള പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂര കോൺക്രീറ്റ് ചെയ്ത് പണിയുവാനുള്ള ഒരു യൂണിറ്റിന് അഞ്ചുലക്ഷം രൂപയോളം ചിലവാകും. ഇങ്ങനെയുള്ള ഇരുപത് ഭവനങ്ങൾ പല സംസ്ഥാനങ്ങളിലായി ഈ വർഷം തന്നെ പണിയപ്പെടാൻ പ്രാർത്ഥിക്കുന്നു.

പ്രാർത്ഥിക്കുക, സഹായിക്കുക.

# ചങ്ങാതിക്കൂട്ടം

ഉണ്ണി അമ്മയമ്പലം



## ആഗസ്റ്റ് 15 ഉം വിശുദ്ധബൈബിളും

ആഗസ്റ്റ് 15 ഉം വിശുദ്ധ ബൈബിളും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും സഹവർത്തിത്വത്തിന്റേയും പങ്കുവെക്കലിന്റെയും സഹനത്തിന്റെയും പവിത്രബന്ധം കാത്തുസൂക്ഷിക്കുന്നു.

ശരിയാണോ....?

ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനമാണ്. ഭാരതസ്വാതന്ത്ര്യദിനം. വിശുദ്ധബൈബിൾ ദൈവം മനുഷ്യനോട് സംസാരിച്ച ഭാഷയാണ്.

സത്യം നിങ്ങളെ സ്വതന്ത്രരാക്കുമെന്ന് ഭാരതസ്വാതന്ത്ര്യത്തിനും എത്രയോ നൂറ്റാണ്ടുകൾക്കുമുമ്പ് ക്രിസ്തു ബൈബിളിൽ വാഗ്ദാനത്തിന്റെ വാക്കു നല്കി.

സത്യത്തിനു സാക്ഷ്യം നല്കുവാനാണ് താൻ വന്നിരിക്കുന്നതെന്ന് അന്നത്തെ റോമാഗവർണർ പിലാത്തോസിനോട് നിർഭയനായി യേശു സംസാരിച്ചു.

സത്യം എന്താണ് എന്ന് റോമാഗവർണർ ചോദിച്ചു. ഇന്ന് നമ്മളും അതു തന്നെ ചോദിക്കുന്നു: സത്യം എന്താണ്?

വഴിയും സത്യവും ജീവനും ഞാനാണ്. ഇതു ക്രിസ്തുവാണ്. ദൈവ ഭാഷയാണ്.

ഇതുതന്നെയാണ് സത്യം.

ക്രിസ്തുവാണ് സത്യം. യേശുവാണ് സത്യം.

അങ്ങനെയെങ്കിൽ സത്യമാകുന്ന യേശു നിങ്ങളെ അഥവാ നമ്മളെ സ്വതന്ത്രരാക്കുമെന്നു ഉദ്ഘോഷിച്ചു.

സത്യത്തിൽ അടിയുറച്ച സമരമാർഗം നയിച്ച മഹാത്മാഗാന്ധിയുടെ വിശ്വാസതീക്ഷ്ണത ഭാരതജനതയ്ക്ക് സ്വാതന്ത്ര്യം നേടിക്കൊടുത്തു. സത്യഗ്രഹം എന്ന പുതിയ ഒരു സമരമാർഗം ഭാരതരാഷ്ട്രപിതാവ് ലോകത്തിനു കാട്ടിക്കൊടുത്തു. ഇത്തരമൊരു സഹനസമരത്തിന്റെ, അഹിംസാമാർഗത്തിന്റെ ജീവിതം ഗാന്ധിജിക്ക് ലഭിച്ചത് യേശുവിൽ നിന്നായിരുന്നു. വിശുദ്ധബൈബിളിൽ നിന്ന്.

ഇപ്പോൾ മനസ്സിലായില്ലേ ആഗസ്റ്റ് 15 ഉം വിശുദ്ധബൈബിളും തമ്മിലുള്ള ബന്ധം.

1947 ആഗസ്റ്റ് 15 ന് ഇൻഡ്യക്കു സ്വാതന്ത്ര്യം ലഭിച്ചു. എന്നാൽ കൂട്ടുകാരേ ചിന്തിക്കുക:

പട്ടിണിയിൽ നിന്ന് നമുക്ക് സ്വാതന്ത്ര്യം ലഭിച്ചുവോ.. അനീതിയിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ചുവോ...

ദു:ഖവും ദുരിതവും, അടിച്ചമർത്തലും, ചതിയും, വഞ്ചനയും, കൊലപാതകവും, ദുരാഗ്രഹവും, അഹന്തയും, ആസക്തിയും അടക്കിവാഴുന്ന നമ്മുടെ ഭാരതത്തിന് ഇനിയും ഇതിൽ നിന്നൊക്കെ ഒരു വിമോചനം, സ്വാതന്ത്ര്യം ആവശ്യമല്ലേ.

ആ സ്വാതന്ത്ര്യമാണ് ഭാരതസുവിശേഷീകരണത്തിന്റെ ലക്ഷ്യം.

മുകളിൽ പറഞ്ഞ എല്ലാ തിന്മകളിൽ നിന്നും വിശുദ്ധ ബൈബിൾ ഭാരതജനതയെ രക്ഷിക്കുന്നു. യേശുവിന്റെ വാക്കുകൾ ഇൻഡ്യൻ മക്കൾക്ക് വിമോചനം നല്കുന്നു. അതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. പ്രവർത്തിക്കാം. യേശുവേ ജയം. യേശുവേ നന്ദി. ജയ്ഭാരത്.

## ഗാന്ധിജിയിൽ നിന്ന് മാനസാന്തരം

സ്വാതന്ത്ര്യസമരം ശക്തമായിക്കൊണ്ടിരിക്കുന്ന കാലം. ഗാന്ധിജിയുടെ നേതൃത്വം ജനങ്ങൾക്ക് ഉണർവും ഉന്മേഷവും നല്കി.

ജനങ്ങളെ ആവേശഭരിതരാക്കി സ്വാതന്ത്ര്യസമരത്തിന്റെ ഗുണങ്ങൾ അവർക്കു പകർന്നുകൊടുക്കുന്നതിനായി ഗാന്ധിജി ഒരിക്കൽ ബംഗാളിലെ ഒരു ഗ്രാമത്തിൽ എത്തി.

അവിടെ ഏറ്റവും വലിയ ധനികനായിരുന്ന ഒരു ജമീന്ദാരുടെ വീട്ടിലായിരുന്നു സമ്മേളനം സംഘടിപ്പിച്ചിരുന്നത്. ഗാന്ധിജിയെ ഒരു നോക്കു കാണാനും അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാനുമായി നൂറുകണക്കിനാളുകൾ അവിടെ തിങ്ങിക്കൂടിയിരുന്നു.

സമ്മേളനം തുടങ്ങുന്നതിനുമുമ്പ് പ്രാർത്ഥന ചെല്ലാൻ ഗാന്ധിജി എഴുന്നേറ്റു. വലിയ തിരക്കായിരുന്നു അപ്പോൾ. ഒരുപാടാളുകൾ. കലപിലശബ്ദങ്ങൾ. തൊട്ടടുത്ത് ഒരു ജനൽ അടഞ്ഞുകിടക്കുന്നത് ഗാന്ധിജി കണ്ടു. അദ്ദേഹം ജമീന്ദാരോടു ചോദിച്ചു: "ഹേ സാബ്, ആ ജനാല ഒന്നു തുറന്നിടുമോ....? അപ്പോൾ എല്ലാവർക്കും നന്നായി കേൾക്കാൻ കഴിയുമല്ലോ."

ജനാലയോട് ചേർന്നാണ് ജമീന്ദാർ ഇരുന്നിരുന്നത്. ഗാന്ധിജിയുടെ ചോദ്യം കേട്ട ഉടനേ അയാൾ പുറത്തുനിന്ന തന്റെ വേലക്കാരനെ കൈകൊട്ടിവിളിച്ചു എന്നിട്ടു പറഞ്ഞു: "വേഗം ആ ജനാല തുറന്നിടൂ..."

ജമീന്ദാരുടെ ഈ പ്രവൃത്തി ഗാന്ധിജി ശ്രദ്ധിക്കുന്നുണ്ടായിരുന്നു. വേലക്കാരൻ എത്തുംമുമ്പേ ഗാന്ധിജി തിടുക്കത്തിൽ നടന്നു ചെന്ന് ജനൽ തുറന്നു. ഉടനേ അദ്ദേഹം പ്രാർത്ഥന തുടങ്ങുകയും ചെയ്തു.

ഇതു കണ്ട് ജമീന്ദാർക്ക് വല്ലാത്ത നാണക്കേടു തോന്നി. തൊട്ടടുത്തിരുന്നവരും ഇതെല്ലാം കണ്ടു. അധികം താമസിയാതെ യോഗം തീർന്നു. ഗാന്ധിജിയെ അടുത്തുകാണാനും വന്ദിക്കാനുമായി ആളുകൾ തിക്കിത്തിരക്കി മുന്നോട്ടുവന്നു.

ഇതിനിടയിൽ അവിടെ മേശപ്പുറത്തുവച്ചിരുന്ന ഒരു പൂപ്പാത്രം താഴെ വീണ് പൊട്ടി. ശബ്ദം കേട്ട് ജമീന്ദാർ തല ഉയർത്തി നോക്കി. അയാൾ കോപിക്കുമോ..? അതായിരുന്നു എല്ലാവരുടേയും പേടി. പെട്ടെന്ന് ജമീന്ദാർ ഓടിവന്ന് പൊട്ടിയ പൂപ്പാത്രത്തിന്റെ കഷ്ണങ്ങളെല്ലാം ഒറ്റക്കു തന്നെ പെറുക്കിയെടുത്തു. അയാൾ തന്നെ അതു പുറത്തുകൊണ്ടുപോയി കളയുന്നത് ആളുകൾ അതിശയത്തോടെ നോക്കി നിന്നു. ഏതു നിസ്സാരകാര്യത്തിലും വേലക്കാരനെ വിളിക്കുന്ന പ്രകൃതക്കാരനായിരുന്നു അയാൾ.

ഗാന്ധിജിയുടെ ഈ പെരുമാറ്റം ജമീന്ദാരുടെ മനസ്സിൽ വലിയൊരു മാറ്റമുണ്ടാക്കി. അന്നുമുതൽ പലകാര്യങ്ങളും അയാൾ സ്വയം ചെയ്യാൻ തുടങ്ങി.

ഗാന്ധിജിയുടെ ഇത്തരം നന്മകൾ സത്യസന്ധമായിരുന്നു. സ്വയം താഴ്ത്തുന്നവനെ ദൈവം ഉയർത്തും. തന്നെത്താൻ താഴ്ത്തുന്നവൻ മറ്റുള്ളവരാൽ ഉയർത്തപ്പെടും. ഗാന്ധിജിയുടെ ജീവിതം പഠിപ്പിക്കുന്നത് അത്തരത്തിലുള്ള എത്രയോ നന്മകളാണ്. ജീവിത വിശുദ്ധിയും നന്മയും കൊണ്ട് മറ്റുള്ളവരെ മാനസാന്തരത്തിലേക്കു നയിക്കാൻ നമ്മുടെ വിനയവും എളിമയും കാരണമാകട്ടേയെന്നു നമുക്കു പ്രാർത്ഥിക്കാം.

കവിത

## കർത്താവേ കേഴുന്നു

നിത്യം വിളങ്ങുന്ന സത്യദീപം
ഹൃത്തിൽ പതിയേണമെന്നുമെന്നും
മർത്യന്റെ തെറ്റു പൊറുക്കുന്ന ദൈവ-
ചിത്തമേയെന്നിൽ വസിക്കുവേഗം

സ്നേഹത്തിൻ ദൂതനായ് വന്നവൻ നീ
സ്നേഹമെന്തെന്നു കാണിച്ചവൻ നീ
അന്യന്നുയർച്ച വന്നീടുവാൻ സ്വന്തം
ധന്യത കുരിശിൽ ചൊരിഞ്ഞവൻ നീ

കണ്ണായ കണ്ണെല്ലാം നാഥനേ നിന്റെ
വിണ്ണിലെ കാരുണ്യമോർക്കുന്നേരം
ഇക്കൊച്ചു മാനവൻ ഈ ചെറുകൂരയിൽ
കർത്താവേ കേഴുന്നു കാക്കണമേ....

## ജയകിമൂന് അത്ഭുതസൗഖ്യം



ഉത്തർപ്രദേശിൽ ബാന്ദാ ജില്ലയിലെ അർജ്ജുനാഗ്രാമത്തിൽ താമസിക്കുന്ന ഹരികിരണിന്റെ മകൻ ജയകിമൂൻ മറ്റു കുട്ടികളോടൊപ്പം കളിച്ചുകൊണ്ടിരുന്നപ്പോൾ പെട്ടെന്ന് ദേഹം വിറയ്ക്കുകയും അബോധാവസ്ഥയിലാകുകയും ചെയ്തു. ശരീരം നിശ്ചലമായ അവസ്ഥയിലായ കുഞ്ഞുമായി മാതാപിതാക്കൾ ഉടനെ ആശുപത്രിയിലേക്ക് പോകുവാൻ തുടങ്ങിയപ്പോൾ അവിടെയെത്തിയ ജി.എം.ഐ സുവിശേഷകൻ രാംവിഷാൽ ഫിലിപ്പ് കുഞ്ഞിനുവേണ്ടി പ്രാർത്ഥിച്ചു. അത്ഭുതകരമായി കുഞ്ഞ് ഉടൻ തന്നെ കണ്ണുകൾ തുറക്കുകയും സുബോധമുള്ളവനായി തീരുകയും ചെയ്തു. ഇത് യേശു ചെയ്ത വലിയൊരു അത്ഭുതമായി ഗ്രാമവാസികൾക്ക് ബോദ്ധ്യമായി.

ദൈവനാമത്തിന് മഹത്വം.

EG NO. 337/14/15/ AL-86 TC III MONTHLY MALAYALAM REGD. NO. KL/TV(S)/142/2009-11
Posted at Trivandrum RMS on 26th of every month
LICENSE NO. - TECH/53/2009-2011 'LICENSED TO POST WITHOUT PRE PAYMENT'

# ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ ഒരുക്കുന്ന ഹോളി ലാന്റ് ടൂർ – വിശുദ്ധനാട് തീർത്ഥയാത്ര

**നമ്മുടെ രക്ഷകനും വീണ്ടെടുപ്പുകാരനുമായ യേശുക്രിസ്തു ജനിച്ചുവളർന്ന നാടുകളിലൂടെ, ബൈബിൾ ചരിത്രമുറങ്ങുന്ന യേശുനാഥന്റെ പുണ്യപാദങ്ങൾ പതിഞ്ഞ മണ്ണിലൂടെ ഒരു തീർത്ഥയാത്ര**

**2011 ഒക്ടോബർ 17 മുതൽ 26 വരെ – പത്തുദിവസങ്ങൾ**

**തിരുവനന്തപുരം – ജോർദാൻ – ഇസ്രായേൽ – പാലസ്തീൻ – സീനായ്- ഈജിപ്ത് – തിരുവനന്തപുരം**



നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പാദസ്പർശമേറ്റ ചരിത്ര മണ്ണിലേക്ക് വിശ്വാസികളുടെ സംഘം! യേശുവിന്റെ ജനനം, പരസ്യശുശ്രൂഷ, കഷ്ടാനുഭവം, കുരിശുമരണം, ഉയർത്തെഴുന്നേൽപ്പ് തുടങ്ങിയ ചരിത്ര മുഹൂർത്തങ്ങൾ സംഭവിച്ച വഴിത്താരകളിലൂടെ ബ്രദർ ഡി.ജെ. അജിത്കുമാറിന്റെ നേതൃത്വത്തിൽ ആഴമേറിയ വിശ്വാസവും ആത്മഅനുഭവങ്ങളും നൽകുന്ന ഫെല്ലോഷിപ്പ് ടൂർ!

**1–ാം ദിവസം**
**തിരുവനന്തപുരം – അമ്മാൻ**

ജോർദ്ദാൻ, അമ്മാൻ, നെബോ പർവ്വതം, മദബാ, രാജവീഥി

**2–ാം ദിവസം**

ഇസ്രായേലിൽ എത്തിച്ചേർന്ന ശേഷം നസ്രത്ത്, കാനാവ്.

**3–ാം ദിവസം**

ഗലീല തടാകം, കഫർന്നഹൂം, പത്രോസിന്റെ ഭവനം, ഗലീല തടാകത്തിലൂടെ ബോട്ട് യാത്ര, ഗിരിപ്രഭാഷണ മല, താബ്ഗ

**4–ാം ദിവസം**

ജറുസലേം, ഗോൽഗോഥാ, ബഥേസ്ദാ കുളം, സെന്റ് ആൻസ് ചർച്ച്, വിലാപ വഴി, സീയോൻ മല, ദാവീദ് രാജാവിന്റെ കല്ലറ, മർക്കോസിന്റെ മാളികമുറി, വിലാപമതിൽ, എൻകരീം, ചാവ് കടൽ, ബെഥാന്യ, താബോർ മല

**5–ാം ദിവസം**

ഒലിവ് മല, ഗത്സമന, കല്ലറത്തോട്ടം , യെരിഹോം, കണ്ണുനീർ തുള്ളിയുടെ ദേവാലായം, റഷ്യൻപള്ളി, യെഹൂദന്മാരുടെ ശ്മശാനം, ഡോം ഓഫ് ദ റോക്ക്, ജെറുശലേം നഗരത്തിലെ മതിലുകൾ, പരീക്ഷണ മല.

**6–ാം ദിവസം**

യോർദാൻ നദി, ബേത്‌ലഹേം, തിരുപ്പിറവി പള്ളി, ഇടയന്മാരുടെ വയൽ.

**7–ാം ദിവസം**

ഏലിയാവിന്റെ കർമ്മേൽ പർവ്വതം, സീനായ്, കുംമ്റാൻ, മസാദ, താബ, കത്തുന്ന മുൾപ്പടർപ്പ്, മോശയുടെ കിണർ.

**8–ാം ദിവസം**

സൂയസ്ടണൽ, നൈൽ നദിയിലൂടെ ആഡംബര കപ്പൽ യാത്ര.

**9–ാം ദിവസം**

പിരമിഡ്, പുരാതന കെയ്റോ, മ്യൂസിയം, സ്ഫിങ്ക്സ്.

**10–ാം ദിവസം**

കെയ്റോ – തിരുവനന്തപുരം

**Tour Fare Includes:**

Return Air Ticket, All taxes, Visa fees, Border tax, 4 Star hotel stay on twin-sharing basis, Daily breakfast, Lunch and dinner, sight seeing in air-conditioned coach, full days of tour with the service of local guides, tips to driver and guides & Medical insurance.

ഗൾഫ് രാജ്യങ്ങളിൽ നിന്നും ടൂർ ടീമിനോടൊപ്പം ചേരാൻ അവസരമുണ്ടായിരിക്കും.

**ഉടൻ ബന്ധപ്പെടുക :**
**0471 – 2311439, 9895041002**

# ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ

ഇന്ത്യയിലും അയൽരാജ്യങ്ങളായ നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലുമായി ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ നേതൃത്വം നൽകി വരുന്ന പ്രവർത്തനങ്ങൾ അനവധിയാണ്. താങ്കൾക്കും ഇതിൽ പങ്കാളിയാകാം.

## റസിഡൻഷ്യൽ മിഷണറി പ്രവർത്തനങ്ങൾ



## സഞ്ചരിക്കുന്ന കൂടാര ശുശ്രൂഷ



## ഗ്രെയ്സ് ഫെസ്റ്റുകൾ




## ക്രിസ്തുകൃപ ആശ്രമങ്ങൾ



## ഹാപ്പി ഫാമിലി മിഷൻ



## പബ്ലിക്കേഷൻസ്




## മാസിക പ്രവർത്തനങ്ങൾ




## സൗജന്യ വിദ്യാഭ്യാസ പരിപാടികൾ



## ജി. എം. ഐയുടെ മറ്റു പ്രവർത്തനങ്ങൾ

- ★ TIMES (തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മിഷൻ & ഇവാൻജലിസം സ്റ്റഡീസ്)
- ★ SMRITI (സ്കൂൾ ഒഫ് മേജർ റിലിജിയൻസ് & ഇന്ത്യൻ ക്രിസ്റ്റ്യൻ തിയോളജി)
- ★ ഏലീം മെഡിക്കൽ എയ്ഡ്
- ★ കാൽവറി ബ്ലഡ് ഡോണേഴ്സ് ഫോറം
- ★ ഡിസൈപ്പിൾസ് ഫാമിലി ഫെല്ലോഷിപ്പ്
- ★ പ്രെയർ സെല്ലുകൾ
- ★ ലിഡിയ ടെയിലറിങ്ങ് സ്കൂൾ
- ★ ഗ്രേഷ്യ കമ്പ്യൂട്ടർ ട്രെയിനിങ്ങ് സെന്റർ
- ★ ഗുരുകുലം വിദ്യാപീഠം
- ★ രഹബോത്ത് ഡ്രിങ്കിങ്ങ് വാട്ടർ പദ്ധതി
- ★ ഹന്ന പ്രെയർ
- ★ മസി സത് - സംഗ്

**Grace Ministries of India**, Nanthancode, Trivandrum- 695 003
☎ 0471 - 2311439 E-mail : graceministriesofindia@yahoo.com
Web Site : www.graceindia.in
A/C No. 009901000020000 (I.O.B, Main Branch, Statue, Trivandrum)